05
2024
ഏപ്രിൽ
വെള്ളി
മീനം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.167 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-167 | പേജ് 4. വില 2.00 രൂപ




02 വൈദ്യുതി ഉപയോഗം വീണ്ടും സർവകാല റിക്കാർഡിൽ

03 കടലേറ്റത്തിന് ശമനമായി; മുണ്ടയ്ക്കലിൽ കേന്ദ്രസംഘം എത്തി

04 വരയിൽ താരമായി ശ്രേയസ്സ്, ഒപ്പം പത്തോളം ലോക റെക്കോർഡുകളും

# തീരത്തിന് വികസനരേഖ ഒരുങ്ങുന്നു

**യേശുദാസ് വില്യം**



തിരുവനന്തപുരം. കേരളത്തിന്റെയും വിശിഷ്യാ തിരുവനന്തപുരത്തെ തീരമേഖലയും അതിന്റെ വികസന സങ്കൽപ്പങ്ങളെയും അടിസ്ഥാനപ്പെടുത്തി വികസനരേഖ തയ്യാറാക്കുന്നു.തലസ്ഥാനത്തെ എൻഡിഎ സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖർ കഴിഞ്ഞദിവസം വിളിച്ചു ചേർത്ത വിദഗ്ദരുടെ യോഗത്തിൽ പ്രധാന ചർച്ചാവിഷയമായത് തീരവികസനത്തെ പറ്റിയുള്ള മാറുന്ന കാഴ്ചപ്പാടുകളാണ്.കേരളത്തിലെ മൽസ്യബന്ധന മേഖല,വിഴിഞ്ഞം തുറമുഖം,സർക്കാർ നിയന്ത്രണത്തിലുള്ളപതിനേഴു മൈനർ തുറമുഖങ്ങൾ,12 നോട്ടിക്കൽ മൈലിനപ്പുറത്തു 200 നോട്ടിക്കൽ മൈൽ വരെയുള്ള കടൽസമ്പത്തിന്റെ പ്രയോജനപ്പെടുത്തൽ,ബ്ലൂ എക്കോണമിയുടെ ഗുണഫലങ്ങൾ എന്നിവ കേരളത്തിലെ തീരദേശ വിഭാഗത്തെ പൂർണ്ണമായും ഉൾക്കൊള്ളിച്ചു കൊണ്ട് എങ്ങിനെ സാധ്യമാക്കാം എന്നതൊക്കെയായിരുന്നു ചർച്ചയായത്.

കഴിഞ്ഞ ദിവസം ലത്തീൻ അതിരൂപത വിളിച്ചു ചേർത്ത സ്ഥാനാർത്ഥികളുടെ സംഗമത്തിൽ മൽസ്യമേഖലയുടെ അവകാശപത്രികയിൽ നിരവധി ആശങ്കകളും ആവിശ്യങ്ങളും അവർ ഉന്നയിച്ചിരുന്നു. എല്ലാത്തിനും മറുപടി പറഞ്ഞെങ്കിലും പുതിയ ആളാണ് ഞാൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ട് ഈ മേഖലക്കാവിശ്യമായതു ചെയ്യുമെന്ന് രാജീവ് ചന്ദ്രശേഖർ ഉറപ്പു നൽകിയിരുന്നു.അതിന്റെ ഭാഗമായിട്ടാണ് സാമ്പത്തീക,സാമൂഹ്യ,മാരിടൈം മേഖലകളിലെ വിദഗ്ദരുമായി ആശയവിനിമയം നടത്തിയത്.കാണുന്നതിനും അപ്പുറമുള്ള കടൽ,തുറമുഖ വികസനപദ്ധതികളും എങ്ങിനെ നടപ്പിലാക്കാമെന്നും കേരളവികസനത്തിന് എങ്ങിനെ പ്രയോജനപ്പെടുത്താമെന്നും ചർച്ചകൾ നടന്നു. സാമ്പത്തിക വിദഗ്ദരായ ഡോക്ടർ.മേരിജോർജ്ജ്,ഡോക്ടർ.ആദി കേശവ്,ഡോ.സെബാസ്റ്റിയൻ, വിദേശകാര്യ വിദഗ്ദൻ ടി.പി.ശ്രീനിവാസൻ തുടങ്ങിയ പ്രമുഖർ ചർച്ചകൾ നയിച്ചു.

കേരള തലസ്ഥാനം മൽസരിക്കുവാനായി തെരഞ്ഞെടുത്തത് ഒരു നിയോഗമാണന്നും ആ നിയോഗം നടപ്പിലാകുവാൻ എല്ലാ പരിശ്രമവും നടത്തുമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.ബ്ലൂ എക്കോണമി 200 നോട്ടിക്കൽ മൈലിനുള്ളിലെ ഉൾക്കടലിലെ മൽസ്യ സമ്പത്തും,ധാതു സമ്പത്തും പ്രയോജനപ്പെടുത്തുന്നതുപോലെ തുറമുഖങ്ങൾ വഴിയുള്ള വികസനവും ടൂറിസവും എല്ലാം ഉൾപ്പെടുന്നതാണ്.കേരളത്തിൽ വിഴിഞ്ഞത്തെ സർക്കാർ നിയന്ത്രണത്തിലുള്ള മൈനർ തുറമുഖത്തെ ക്രൂ ചെയിംഞ്ച് നിർത്തി വെച്ചിട്ട് പുനരാരംഭിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇമിഗ്രേഷൻ വിഭാഗവും,കേരള മാരിടൈം ബോർഡുമാണ് ഇതിനെ നിർജ്ജീവാവസ്ഥയിലാക്കിയിരിക്കുന്നത്.മാരിടൈം മേഖലയിൽ യാതൊരു പിടിപാടുമില്ലാത്ത ഉന്നത ഉദ്യോഗസ്ഥരും,രാഷ്ട്രീയക്കാരുമാണ് വികസനത്തിന്റെ മുനയൊടിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതെന്നും ചർച്ചയിൽ അഭിപ്രായം ഉയർന്നു.

ഐഎഎസ്സ് ഭരണത്തിനു പകരമായി ഇൻഡ്യൻ മാരിടൈം സർവ്വീസ് മേഖല ഉണ്ടാക്കി അതിലുള്ളവർക്ക് നിയന്ത്രണം നൽകണമെന്നും ചർച്ചയിൽ അഭിപ്രായം ഉയർന്നു.

## വോട്ടിംഗ് മെഷീൻ തട്ടിപ്പെന്ന് വ്യാജപ്രചാരണം; യുട്യൂബ് ചാനലുടമ അറസ്റ്റിൽ

ആലപ്പുഴ: ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ തട്ടിപ്പാണെന്ന് വ്യാജവാർത്ത പ്രചരിപ്പിച്ച വെന്നീസ് ടിവി എൻറർടൈമെൻറ് എന്ന യൂട്യൂബ് ചാനലിൻറെ ഉടമയെ സൗത്ത് പോലീസ് അറസ്റ്റ് ചെയ്തു. ആലപ്പുഴ നഗരസഭയിൽ വെള്ളക്കിണർ തപാൽപറമ്പിൽ എം. നവാസ് (45) ആണ് അറസ്റ്റിലായത്.

ലോക്സഭാ തെരഞ്ഞെടുപ്പ് ബാലറ്റ് പേപ്പറിലൂടെ നടത്തണമെന്ന കാമ്പയിൻ നടത്തി സമൂഹത്തിൽ വേർതിരിവും സ്പർധയും സംഘർഷവും വിദ്വേഷവും ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ചാനലിൽ വീഡിയോ പോസ്റ്റ് ചെയ്ത് വ്യാജ വാർത്ത പ്രചരിപ്പിച്ചതിനാണ് അറസ്റ്റ്.

നവാസിനെ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വിവിധ സാമൂഹ്യമാധ്യമങ്ങൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും വിവിധ റേഞ്ചുകളിലും ജില്ലകളിലും രൂപീകരിച്ച സോഷ്യൽ മീഡിയ നിരീക്ഷണസംഘങ്ങൾ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള സാമൂഹ്യമാധ്യമ ഇടപെടലുകളെക്കുറിച്ച് പോലീസ് സോഷ്യൽ മീഡിയ നിരീക്ഷണസംഘങ്ങൾക്ക് വിവരംനൽകാം.

## തീരമേഖല നേരിടുന്ന ദുരിതങ്ങൾ ചർച്ച ചെയ്യാതെ മന്ത്രിസഭ

തിരുവനന്തപുരം: കഴിഞ്ഞ ഞായറാഴ്ച മുതൽ തുടരുന്ന കടലാക്രമണവുമായി ബന്ധപ്പെട്ടു സംസ്ഥാനത്തിൻറെ തീരമേഖല നേരിടുന്ന ദുരിതങ്ങൾക്കുള്ള പരിഹാര നടപടികൾ ചർച്ച ചെയ്യാതെ മന്ത്രിസഭാ യോഗം.

രണ്ടാഴ്ചയായി ചേരാതിരുന്ന മന്ത്രിസഭാ യോഗം ഇന്നലെ രാവിലെ ഓൺലൈനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നെങ്കിലും കടലാക്രമണത്തെ തുടർന്നു വീടു നഷ്ടമായവരുടെ ദുരിതങ്ങൾ അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്തില്ല.

കള്ളക്കടൽ പ്രതിഭാസം മൂലമുണ്ടായ കടലാക്രമണത്തെ ത്തുടർന്നു വീടുകൾക്കു ഭാഗിക കേടുപാടുകൾ സംഭവിച്ചവരും മറ്റു ദുരിതങ്ങൾ നേരിടുന്നവരും മറ്റു വീടുകളിലേക്കു മാറി താമസിക്കുന്നതിനും വാടകവീടുകൾ തേടുന്നതിനുമായി നെട്ടോട്ടത്തിലായിരുന്നു. കടലാക്രമണത്തിൽ നിരവധി വള്ളങ്ങൾക്കും വലകൾക്കും മറ്റ് ഉപജീവനമാർഗങ്ങൾക്കും കേടുപാടുണ്ടായി. റോഡുകളും തകർന്നിരുന്നു. ഇക്കാര്യങ്ങളൊന്നും മന്ത്രിസഭ ചർച്ച ചെയ്തില്ല. ഇന്നലെ ചേർന്ന മന്ത്രിസഭയിൽ ഇക്കാര്യം ചർച്ചയ്ക്ക് എത്തുമെന്നായിരുന്നു പ്രതീക്ഷ

## ലത്തീൻ അതിരൂപതയിൽ ഒൻപതു നവവൈദികർ



തിരുവനന്തപുരം : അതിരൂപതയ്ക്ക് പുതിയ ഒൻപതു വൈദീകർകൂടി. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ചർച്ചിൽ അതിരൂപത മെത്രോപ്പോലീത്ത തോമസേ ജെ നെറ്റോയുടെ കാർമീകത്വത്തിൽ നടന്ന ദിവ്യബലിയിൽ പൗരോഹിത്യപട്ടം സ്വീകരിച്ചു.തിരുവനന്തപുരത്തെ തീരമേഖലയിൽ നിന്നുള്ളവരാണ് പൗരോഹിത്യം നേടിയ ഒൻപതു പേരിൽ എട്ടുപേരും.അതിരൂപതയിലെ പ്രമുഖമായ തൂത്തൂർ,മാർത്താണ്ഡൻതുറ,തുമ്പ,കൊച്ചുതുറ,പുതുക്കുറുശ്ശി,പള്ളം തുടങ്ങി പ്രമുഖമായ കടൽതീരങ്ങളിലെ ഇടവകകളിലെ മൽസ്യത്തൊഴിലാളി പശ്ചാത്തലത്തിൽ നിന്നുമുള്ളവരാണ് നവ വൈദീകരിൽ അധികവും.പൗരോഹിത്യ സ്വീകരണത്തിനു ശേഷം അതതു ഇടവകകളിൽ പരിശുദ്ധ ദിവ്യബലി അർപ്പിച്ചുകൊണ്ടു പ്രേഷിത ജീവിതത്തിലേക്കു കടക്കും. നവ വൈദീകരുടെ പ്രഥമ ദിവ്യബലി അവരുടെ തീരങ്ങളിൽ പെരുന്നാളു പോലെ ആഘോഷപരമായ ബലിയർപ്പണമാണ്.

## പുത്തൻകാവ് മാത്തൻ തരകൻ ഓർമ ദിവസം ഏപ്രിൽ അഞ്ചിനാണ്

# വിശ്വപ്രകാശം

**മോഹൻ ശ്രീശൈലം**



മലയാളത്തിലെ ഒരു കവിയും ഗാനരചയിതാവും ഗദ്യകാരനുമായിരുന്നു പുത്തൻകാവ് മാത്തൻ തരകൻ (1903 സെപ്തംബർ 6 1993 ഏപ്രിൽ 5). ഇദ്ദേഹം രചിച്ച മഹാകാവ്യമാണ് വിശ്വദീപം.

ചെങ്ങന്നൂരിനടുത്തുള്ള പുത്തൻകാവിൽ കിഴക്കേത്തലക്കൽ ഈപ്പൻ മത്തായിയുടെയും മറിയാമ്മയുടെയും മകനായി 1903ൽ ജനനം. സ്കൂൾ ഫൈനൽ വരെയായിരുന്നു ഔപചാരിക വിദ്യാഭ്യാസമെങ്കിലും സ്വപ്രയത്നത്താൽ വിദ്വാൻ പരീക്ഷയും മലയാളം എം.എ പരീക്ഷയും എഴുതി ജയിച്ചു. സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1952 മുതൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ അദ്ധ്യാപകനായും മലയാളം വിഭാഗം മേധാവിയായും പ്രിൻസിപ്പളായും പ്രവർത്തിച്ചു. 1958ൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചു.മദ്രാസ് കേരള സർവ്വകലാശാലകളുടെ പരീക്ഷ ബോർഡ്, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയിൽ അംഗമായിരുന്നു. 196064 കാലഘട്ടത്തിൽ സാഹിത്യഅക്കാദമി അംഗമായിരുന്നു. പത്രം, സ്കൗട്ട് എന്നീ രംഗങ്ങളിലും ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. 1993 ഏപ്രിൽ 5ന് അന്തരിച്ചു. കവിത, നിരൂപണം, ഉപന്യാസം, നോവൽ, ജീവചരിത്രം തുടങ്ങി വിവിധ സാഹിത്യ മേഖലകളിലായി നിരവധി കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഭാഷാപ്രയോഗത്തിൽ വലിയ നിഷ്ഠ പുലർത്തുന്ന മാത്തൻ തരകൻ സംസ്കൃതവൃത്തങ്ങളിലും ദ്രാവിഡവൃത്തങ്ങളിലും കവിതയെഴുതിയിട്ടുണ്ട്. വിശ്വദീപം എന്ന മഹാകാവ്യത്തിനു പുറമേ കാവ്യസങ്കീർത്തനം, കൈരളി ലീല, ഹേരോദാവ്, വേദാന്തമുരളി, വികാരമുകുളം, ഉദയതാരം, കേരളഗാനം, ഉദ്യാനപാലകൻ, കാവ്യതാരകം, ആര്യഭാരതം, തോണിക്കാരൻ, വസന്ത സൗരഭം തുടങ്ങിയ കവിതാസമാഹാരങ്ങളും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇണങ്ങാത്ത മനുഷ്യൻ, ജീവിതാമൃതം, മധുബാലിക എന്നീ നോവലുകളുടെയും പൗരസ്ത്യ നാടകദർശനം, സാഹിത്യവിഹാരം, സാഹിത്യവേദി, സാഹിത്യസോപാനം തുടങ്ങിയ ഉപന്യാസ ഗ്രന്ഥങ്ങളുടെയും രചയിതാവാണ് മാത്തൻ തരകൻ. ചലച്ചിത്രങ്ങൾക്കായി ഗാന രചന നടത്തിയിട്ടുണ്ട്. ജ്ഞാനാംബിക (1948) യിലെ സുഗമധുരം, കഥയിഹു കേൾക്കുക, മോഹനമേ മനോമോഹനമേ, തുടങ്ങി പത്തോളം ഗാനങ്ങൾ ഇദ്ദേഹം രചിച്ചവയാണ്.

## കേരളത്തിന് രണ്ട് ടിഎംസി ജലം വിട്ടുനൽകാൻ തമിഴ്നാടുമായി ചർച്ച നടത്തും

തിരുവനന്തപുരം: പറന്പിക്കുളംആളിയാർ കരാർ അനുസരിച്ച് രണ്ട് ടിഎംസി (2000 ദശലക്ഷം ക്യൂബിക് അടി) ജലമെങ്കിലും വിട്ടുതരാൻ തമിഴ്നാട് സർക്കാരുമായി അടിയന്തരചർച്ച നടത്താൻ ചീഫ് സെക്രട്ടറിയെ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തി. പറന്പിക്കുളംആളിയാർ കരാർ അനുസരിച്ച് ഭാരതപ്പുഴയിലേക്ക് വെള്ളമെത്തിക്കുന്നത് ഏപ്രിൽ ഒന്നുമുതൽ അവസാനിച്ച സാഹചര്യത്തിലാണ് ഇക്കാര്യം മന്ത്രിസഭ ചർച്ച ചെയ്തത്. കരാർ അനുസരിച്ച് കേരളത്തിന് ഇനിയും 2.5 ടിഎംസി വെള്ളം ലഭിക്കാൻ അർഹതയുണ്ട്. ഡാമിൽ നാലു ടിഎംസിയിൽ അധികം വെള്ളം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ ശുദ്ധജല വിതരണ പദ്ധതികൾക്കായി 2 ടിഎംസി വെള്ളം വിട്ടുനൽകാൻ തമിഴ്നാടിനു സാധിക്കും. പറന്പിക്കുളം ഗ്രൂപ്പ് ഡാമുകളുടെ അധികവിഹിതത്തിൻറെ പങ്കായി കൂടുതൽ വെള്ളം ലഭിക്കാൻ കേരളത്തിന് അർഹതയുണ്ടെങ്കിലും നിലവിൽ 2 ടിഎംസി വെള്ളം എങ്കിലും അടുത്ത രണ്ടു മാസത്തേക്കു ചിറ്റൂർ പുഴയിൽ ലഭിക്കണം എന്നാണ് സംസ്ഥാനത്തിൻറെ ആവശ്യം. ഭാരതപ്പുഴയിലും ചിറ്റൂർ പുഴയിലുമായി നൂറോളം ശുദ്ധജല വിതരണ പദ്ധതികളുണ്ട്. മലന്പുഴയിലും വെള്ളം ഇല്ലാത്ത സാഹചര്യമാണ്. പറന്പിക്കുളം ആളിയാർ കരാർ അനുസരിച്ച് ഒരു വർഷം ചിറ്റൂർ പുഴയിൽ 7.25 ടിഎംസി വെള്ളമാണ് ലഭിക്കേണ്ടത്. കഴിഞ്ഞ ജൂലൈ ഒന്നു മുതൽ അടുത്ത ജൂൺ 30 വരെ 7.25 ടിഎംസി വെള്ളം ലഭിക്കേണ്ടതിൽ 4.7 ടിഎംസി മാത്രമാണ് ഇതുവരെ ലഭിച്ചത്.

# പോളിംഗ് സ്റ്റേഷനാക്കുന്ന സ്കൂളുകൾ അതേപോലെ മടക്കിനൽകണമെന്ന് കളക്ടർ

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിൽ പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന സ്കൂളുകൾ വൃത്തിഹീനമാക്കരുതെന്ന് വരണാധികാരിയായ ജില്ലാ കളക്ടർ പ്രേം കൃഷ്ണൻ. പോളിംഗ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർ മാർഗനിർദേശങ്ങൾ ശ്രദ്ധിക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരുന്നു. അതിൻറെ അടിസ്ഥാനത്തിലാണ് ഈ നിർദേശം. സ്കൂൾ കെട്ടിടങ്ങളുടെ ചുവരുകളിലെ ചിത്രങ്ങളും ഭൂപടങ്ങളും നശിപ്പിക്കരുത്. പോസ്റ്ററുകളും നോട്ടീസുകളും പതിപ്പിക്കുമ്പോൾ അതീവ ജാഗ്രത പാലിക്കണം. മുൻ തെരഞ്ഞെടുപ്പുകളിൽ ക്ലാസ് മുറികളിലെ ഭിത്തികളിലുള്ള ചിത്രങ്ങളും മാപ്പുകളും നശിപ്പിച്ചതിനെ സംബന്ധിച്ച് പരാതികൾ ലഭിക്കുകയും ഇതിനെ തുടർന്ന് നിയമ നടപടികളിലേക്കു കടന്നിരുന്നു. ചിത്രങ്ങൾ നശിപ്പിക്കുകയോ ചുവരുകളിൽ കേടുവരുത്തുകയോ ചെയ്യാത്ത വിധത്തിൽ പോളിംഗ് സ്റ്റേഷനുകളിൽ അറിയിപ്പുകൾ പതിക്കണം. പോളിംഗ് ബൂത്തുകളിലെ ഫർണിച്ചറുകൾ നശിപ്പിക്കരുത്. പോളിംഗ് കഴിഞ്ഞ് മടങ്ങുമ്പോൾ വൈദ്യുത ഉപകരണങ്ങൾ സ്വിച്ച് ഓഫ് ആക്കിയെന്നും ടാപ്പുകൾ അടച്ചുവെന്നും ചുവരുകളിൽ പതിച്ച അറിയിപ്പുകൾ നീക്കം ചെയ്തെന്നും ഉറപ്പാക്കണം.

എല്ലാ പോളിംഗ് സ്റ്റേഷനുകളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക ശൗചാലയങ്ങൾ ഉറപ്പാക്കണം. പോളിംഗ് സ്റ്റേഷനുകളിൽ ഹരിതച്ചട്ടം പാലിക്കണം. വോട്ടർമാർക്ക് പോളിംഗ് ബൂത്തുകളുടെ സ്ഥാനം, ലഭ്യമായ സൗകര്യങ്ങൾ, വോട്ടർ അസിസ്റ്റൻസ് ബൂത്ത് എന്നിവ അറിയുന്നതിന് ശരിയായ അടയാളങ്ങൾ പോളിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കണം.

# മലബാർ റിവർ ഫെസ്റ്റിവൽ: ടൂറിസം മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യം

മുക്കം: കോഴിക്കോടിൻറെ കിഴക്കൻ മലയോരത്തെ ടൂറിസം മേഖലയിൽ സമഗ്രവികസനം ലക്ഷ്യമിട്ട് ഇത്തവണ മലബാർ റിവർ ഫെസ്റ്റിവൽ കൂടുതൽ മികവുറ്റതാക്കുന്നു.

പ്രദേശവാസികൾക്ക് കൂടി സാമ്പത്തികമായും മറ്റും ഇതിൻറെ ഗുണഫലം ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഇതിൻറെ ഭാഗമായി തിരുവമ്പാടി മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മണ്ഡലത്തോട് ചേർന്ന് നിൽക്കുന്ന ഓമശേരി പഞ്ചായത്തിലും വിവിധങ്ങളായ പരിപാടികൾ നടക്കും.

വിദേശ വിനോദ സഞ്ചാരികളെ രണ്ട് മാസത്തോളം ഇവിടെ തങ്ങാൻ പ്രേരിപ്പിക്കുന്ന തരത്തിലാവും തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പരിപാടികൾ നടക്കുന്നത്. ഇതിൻറെ ആദ്യപടിയായി വിവിധ കായിക മത്സരങ്ങൾ ആറിന് കോടഞ്ചേരിയിൽ ആരംഭിക്കും.

ഒരാഴ്ച കോടഞ്ചേരി സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ വനിതകൾക്കും പുരുഷന്മാർക്കും ഫ്രിസ്ബി (ഫ്ളയിംഗ് ഡിസ്ക്) കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കും. 13ന് അൾട്ടിമേറ്റ് ഫ്രിസ്ബി ഹാറ്റ് ടൂർണമെൻറ് നടത്തും. എറണാകുളം ജസ് പ്ലേ, കോഹോ എർത്ത് അഡ്വഞ്ചേഴ്സ് എന്നിവയുമായി ചേർന്നാണ് ടൂർണമെൻറ് സംഘടിപ്പിക്കുന്നത്.

കൊടിയത്തൂർ പഞ്ചായത്തിൽ ഓഫ് റോഡ് റൈഡ്, വാട്ടർ ഫെസ്റ്റ് എന്നിവയും കാരശേരി കക്കാട് പുഴയിൽ ജലോത്സവവും നടക്കും. പഞ്ചായത്തിൽ വടംവലിയും സംഘടിപ്പിക്കും. തിരുവമ്പാടിയിൽ വാട്ടർ പോളോ, നീന്തൽ മത്സരം, ചൂണ്ടയിടൽ മത്സരം എന്നിവയും കൂടരഞ്ഞിയിൽ ഓഫ് റോഡ് ഫൺ റൈഡ്, ജീപ്പ് സവാരി എന്നിവയും നടക്കും.

മുക്കം നഗരസഭയിൽ ഫുഡ് ഫെസ്റ്റ്, സൈക്കിൾ പോളോ, കബഡി മത്സരങ്ങളും പുതുപ്പാടിയിൽ ട്രക്കിംഗ്, മഴ നടത്തം എന്നിവയും നടക്കും. ഓമശേരിയിൽ മഡ് ഫുട്ബോൾ മത്സരമാണ് സംഘടിപ്പിക്കുക.അടുത്ത വർഷം മുതൽ അനുബന്ധ പരിപാടികളുമായി ബന്ധപ്പെട്ട് സ്ഥിരം ടൈം ടേബിളും ടൂറിസം കലണ്ടറും തയാറാക്കും.

ഇതോടെ വിദേശ വിനോദ സഞ്ചാരികൾക്കുൾപ്പെടെ നേരത്തെ തന്നെ യാത്ര ചാർട്ട് ചെയ്യാനും സാധിക്കും. സംസ്ഥാന ടൂറിസം വകുപ്പും കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും ഡിടിപിസിയും തദ്ദേശ സ്ഥാപനങ്ങളും ചേർന്ന് ജൂലൈ 25, 26, 27, 28 തീയതികളിൽ കോടഞ്ചേരി ചാലിപുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായാണ് രാജ്യാന്തര വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പ് നടത്തുന്നത്.

# പാലം നിർമാണത്തിലെ അനിശ്ചിതാവസ്ഥ പരിഹരിക്കും: രമേശ് ചെന്നിത്തല

ഹരിപ്പാട്: കരുവാറ്റ മുതലക്കുറിച്ചിക്കൽ പാലത്തിൻറെ നിർമാണത്തിലെ അനിശ്ചിതാവസ്ഥ പരിഹരിക്കുമെന്നും പാലത്തിൻറെ നിർമാണത്തെ സംബന്ധിച്ച് ആർക്കും ഒരാശങ്കയും വേണ്ടെന്നും രമേശ് ചെന്നിത്തല. ഇതിനാവശ്യമായ ഭരണപരമായ നടപടികൾ പുരോഗമിച്ചുവരികയാണെന്നും നിയമസഭയിൽ ഈ വിഷയം ഉന്നയിച്ചെന്നും നിർമാണത്തിലെ അനിശ്ചിതാവസ്ഥ പരിഹരിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് മന്ത്രി മറുപടി നൽകിയിരുന്നു.

യുഡിഎഫ് സർക്കാരിൻറെ കാലത്താണ് മുതലക്കുറിച്ചിക്കൽ പാലത്തിൻറെ നിർമാണത്തിന് ഭരണാനുമതി നൽകിയത്. നബാർഡ് ആർഐഡിഎഫ് ട്രാഞ്ചെ 20ൽ പെടുത്തിയാണ് ഇതിനുള്ള തുക അനുവദിച്ചത്. എന്നാൽ, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഈ പാലത്തിൻറെ നിർമാണം ആരംഭിച്ചത് 2017ലാണ്. 28 കോടി രൂപയായിരുന്നു പദ്ധതിയുടെ അടങ്കൽ തുക. 2014 ലെ ഡിഎസ്ആർ പ്രകാരമാണ് ഇതിൻറെ എസ്റ്റിമേറ്റ് നിർണയിച്ചിരുന്നത്. എന്നാൽ, നിർവഹണത്തിലെ വീഴ്ചകൾ കാരണം കഴിഞ്ഞ എൽഡിഎഫ് സർക്കാർ പ്രസ്തുത പ്രവൃത്തി കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കുകയും ബാലൻസ് വർക്ക് റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. 12 കോടിയുടെ എസ്റ്റിമേറ്റാണ് പിഡബ്ല്യുഡി വകുപ്പ് തയാറാക്കിയത്. തുടർന്ന് തൻറെ ആവശ്യപ്രകാരം കഴിഞ്ഞ സംസ്ഥാന ബജറ്റിൽ തുക ഉൾക്കൊള്ളിക്കുകയും ബാലൻസ് വർക്കിനുള്ള ഭരണാനുമതി സർക്കാരിൽ നിന്നു ലഭിക്കുകയും ചെയ്തു.

സൈറ്റ് ഇൻസ്പെക്ഷൻ അടിയന്തരമായി നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുള്ള ആശങ്ക കണക്കിലെടുത്ത് ഇതുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പാലത്തിൻറെ നിർമാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള അംഗീകാരം നൽകാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ താൻ ശക്തമായ സമ്മർദം ചെലുത്തുന്നുണ്ടെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

# ലോക്സഭാ തെരഞ്ഞെടുപ്പ്: ചെലവ് നിരീക്ഷണ സംഘം സജീവം

കൽപ്പറ്റ: ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർഥികളുടെ വരവ്, ചെലവ് കണക്കുകൾ പരിശോധിക്കാനുള്ള ചെലവ് നിരീക്ഷണ സംഘത്തിൻറെ പ്രവർത്തനങ്ങൾ ജില്ലയിൽ സജീവം. തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമിച്ച എക്സ്പെൻഡിച്ചർ ഒബ്സർവർ കൈലാസ് പി. ഗെയ്ക് വാദിൻറെ നേതൃത്വത്തിലാണ് ചെലവ് നിരീക്ഷണ സംവിധാനം പ്രവർത്തിക്കുന്നത്.

ജില്ലാ ധനകാര്യ ഓഫീസർ ആർ. സാബു ആണ് ചെലവ് നിരീക്ഷണ നോഡൽ ഓഫീസർ. വയനാട് മണ്ഡലത്തിലെ ഏഴ് നിയോജക മണ്ഡലങ്ങളിലുമുള്ള അസിസ്റ്റൻഡ് എക്സ്പെൻഡിച്ചർ ഒബ്സർവർമാർ, ചെലവുകൾ ക്രോഡീകരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള അസിസ്റ്റൻഡ് എക്സ്പെൻഡിച്ചർ ഒബ്സർവർ എന്നിവരാണ് സ്ഥാനാർഥികളുടെ വരവ്, ചെലവ് കണക്കുകൾ സുക്ഷമ നിരീക്ഷണം നടത്തുന്നത്.

പ്രചാരണ പരിപാടികൾ, പൊതുയോഗങ്ങൾ, വാഹന ജാഥ എന്നിവ സംഘടിപ്പിക്കാനുള്ള ചെലവുകൾ, സ്ഥാനാർഥികളും സംഘവും നടത്തുന്ന പ്രചാരണ യാത്ര, ഭക്ഷണം, വാഹനം ഉൾപ്പെടെയുള്ള ചെലവുകൾ, പോസ്റ്ററുകൾ, കൊടികൾ, നോട്ടീസുകൾ, ഹോർഡിംഗുകൾ ഉൾപ്പെടെ പ്രചാരണത്തിന് ഉപയോഗിക്കുന്ന എല്ലാ സാമഗ്രികളും അവ സ്ഥാപിക്കാനുള്ള ചെലവുകളും നിരീക്ഷകർ പരിശോധിക്കും.

ടെലിവിഷൻ ചാനലുകൾ, സാമൂഹ്യ മാധ്യമങ്ങൾ മുഖേനയുള്ള പ്രചാരണ ചെലവ് ഇതിൽ ഉൾപ്പെടും. സ്ഥാനാർഥികൾക്ക് പ്രചാരണത്തിന് വിനിയോഗിക്കാവുന്ന ആകെ തുക 95 ലക്ഷമാണ്. ചെലവ് നിരീക്ഷകർക്ക് പുറമേ വീഡിയോ സർവൈലൻസ്, വീഡിയോ വ്യൂവിംഗ് ടീമുകളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാണ്.

സ്ഥാനാർഥികളുടെ പ്രചാരണ പരിപാടികൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുകയാണ് വീഡിയോ സർവൈലൻസ് ടീമിൻറെ ചുമതല. പരിപാടി നടക്കുന്ന സ്ഥലം, വേദി, ഇരിപ്പിടങ്ങളുടെ എണ്ണം, സ്ഥാനാർഥികളുടെ കട്ടൗട്ട്, ബാനർ, പ്രസംഗ പീഠത്തിൻറെ വലിപ്പം, പ്രചാരണ വാഹനങ്ങൾ എന്നിവ റെക്കോർഡ് ചെയ്ത് സൂക്ഷിക്കുകയും സ്ഥാനാർഥികളുടെ ചെലവിൽ ഉൾപ്പെടുത്തും.

വീഡിയോ സർവൈലൻസ് ടീം റെക്കോർഡ് ചെയ്യുന്ന വീഡിയോ നിരീക്ഷിച്ച് ചെലവ്, മാതൃകാ പെരുമാറ്റച്ചട്ട ലംഘനം എന്നിവ വീഡിയോ വ്യൂവിംഗ് ടീം കണ്ടെത്തും.

# എം.വി. ജയരാജന് 70 ലക്ഷത്തിൻറെ ആസ്തി

കണ്ണൂർ: എം.വി. ജയരാജന് നിക്ഷേപമായും സ്ഥാവര ജംഗമങ്ങളായും 70, 41,750 രൂപയുടെ ആസ്തിയും ജയരാജൻറെയും ഭാര്യയുടെയും പേരിൽ 30 ലക്ഷം രൂപയുടെ വീടും ബാങ്ക് അക്കൗണ്ടിൽ 2,81, 387 രൂപയുമുണ്ട്. ജയരാജൻ താമസിക്കുന്ന വീട് ജയരാജൻറെയും ഭാര്യ ലീനയുടെയും പേരിലാണ്. രണ്ട് പേരുടെയും പേരിലായി 25, 64,250 രൂപ വിലമതിക്കുന്ന 12 സെൻറ് ഭൂമിയുണ്ട്. 11000 രൂപയുടെ ഓഹരി മലയാളം കമ്യൂണിക്കേഷനിലും 1500 രൂപയുടെ ഓഹരി റെയ്ഡ്കോയിലുമുണ്ട്. 5 പേർക്ക് വീതം വയ്ക്കുന്ന 40 സെൻറ് ഭൂമി കുടുംബസ്വത്തായുണ്ട്. കേരള ബാങ്ക് ജീവനക്കാരിയായ ഭാര്യ ലീനയുടെ പേരിൽ മൂന്നര ലക്ഷം രൂപ വിലമതിക്കുന്ന കാറും 40 പവൻ സ്വർണവുമുണ്ട്. കാർഷികേതര ഭൂമിയടക്കം പാരമ്പര്യമായി ലഭിച്ച 54.51 ഭൂമി ജയരാജൻറെ പേരിലുണ്ട്.

ബാങ്കുകളിലോ സർക്കാർ സംവിധാനത്തിലോടെ കുടിശികയൊന്നുമില്ല. ചക്കരക്കൽ, കണ്ണൂർ ടൗൺ സ്റ്റേഷനുകളിലായി അന്യായമായി സംഘടിച്ച് പ്രകോപനപരമായ മുദ്രാവാക്യം മുഴക്കൽ, പൊതുഗതാഗതം തടസപ്പെടുത്തൽ എന്നീ വകുപ്പുകൾ പ്രകാരം അഞ്ചു കേസുകളുണ്ട്. രാഷ്ട്രീയപൊതുപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രതിഷേധ സമരങ്ങളിൽ നാലു കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുമുണ്ട്.

# ലോക്സഭാ തെരഞ്ഞെടുപ്പ്: 3232 ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചു

കൽപ്പറ്റ: വോട്ടെടുപ്പ് ദിനത്തിൽ ജില്ലയിലെ വിവിധ പോളിംഗ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നതിന് 3232 ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചു. 802 പ്രിസൈഡിംഗ് ഓഫീസർമാർ, 802 ഒന്നാം പോളിംഗ് ഓഫീസർമാർ, 1616 പോളിംഗ് ഓഫീസർമാർ എന്നിങ്ങനെയാണ് വയനാട് മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുപ്പ് ജോലികൾക്കായി വിന്യസിപ്പിച്ചത്.

തെരഞ്ഞെടുപ്പിന് മുന്നോടിയായി ഉദ്യോഗസ്ഥർക്കുള്ള ഒന്നാംഘട്ട പരിശീലനം ആരംഭിച്ചു. മാനന്തവാടി നിയോജക മണ്ഡലത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ളവർക്ക് മാനന്തവാടി സെൻറ് പാട്രിക് ഹൈസ്കൂളിൽ പരിശീലനം നടന്നു.

ഇന്ന് ബത്തേരി അസംപ്ഷൻ ഹൈസ്കൂളിൽ ബത്തേരി നിയോജക മണ്ഡലത്തിലെ ഉദ്യോഗസ്ഥർക്കും നാളെ കൽപ്പറ്റ സെൻറ് ജോസഫ്സ് കോൺവെൻറ് ഹൈസ്കൂളിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകും.

# സംസ്ഥാനത്തിന് മാതൃകയാവാൻ ഓടപ്പള്ളം സ്കൂൾ; ഡോക്യുമെൻററി ഷൂട്ട് പൂർത്തിയായി

കൽപ്പറ്റ: സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടന്ന മികച്ച അക്കാദമിക പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നതിന് എസ്സിഇആർടി സംഘടിപ്പിച്ച 'മികവ് സീസൺ 5' ൽ വയനാട് ജില്ലയിൽ നിന്നും ഓടപ്പള്ളം ഗവ. ഹൈസ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. മാതൃകാ പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്സിഇആർടി തയാറാക്കുന്ന ഡോക്യുമെൻററിയുടെ ഷൂട്ടിംഗ് സ്കൂളിൽ നടന്നു. ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏക വിദ്യാലയമാണ് ഓടപ്പള്ളം ഗവ. ഹൈസ്കൂൾ.

വിദ്യാലയത്തിലെ കുട്ടികൾ നടത്തുന്ന സ്കൂൾ മാർക്കറ്റ് പ്രവർത്തനങ്ങളാണ് അംഗീകാരത്തിനർഹമാക്കിയത്. നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രായോഗിക പഠനാനുഭവങ്ങൾ നൽകുന്നതിനും സംരംഭകത്വത്തിൻറെ അടിസ്ഥാന പാഠങ്ങൾ നൽകുന്നതിനും സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കാനുമാണ് സ്കൂൾ മാർക്കറ്റ് ക്രമീകരിച്ചിരിക്കുന്നത്.

സിൽ ഫൗണ്ടേഷൻറെ സഹായത്തോടെ ആരംഭിച്ച സ്കൂൾ മാർക്കറ്റിൻറെ പ്രവർത്തനങ്ങളുടെ ഭാഗമായി സോപ്പ്, സോപ്പ് പൊടി, വിവിധ തരം ലോഷനുകൾ, തുണി സഞ്ചികൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ കുട്ടികൾ നിർമിച്ച് വരുന്നു.കൂടാതെ സ്ക്രീൻ പ്രിൻറിംഗ്, ബുക്ക് ബൈൻഡിംഗ്, കുട നിർമാണം തുടങ്ങിയവയിലും പരിശീലനം നൽകി വരുന്നുണ്ട്. കുട്ടികൾ നിർമിച്ച ഉത്പന്നങ്ങളും കുട്ടികൾക്കാവശ്യമായ മറ്റ് അവശ്യസാധനങ്ങളും ഒഴിവ്സമയങ്ങളിൽ കുട്ടികൾ തന്നെ മാർക്കറ്റിലൂടെ വിറ്റഴിക്കുന്നു. ലാഭം പൂർണമായും കുട്ടികൾക്ക് തന്നെ നൽകുന്നു.

പരസ്യ പോസ്റ്ററുകൾ തയാറാക്കൽ, ട്രോഫികൾ ഡിസൈനിംഗ്, തയ്യൽ, ലേബലിംഗ്, അക്കൗണ്ടിംഗ് തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് ഗണിതം, ഭാഷ, ഐടി തുടങ്ങിയ വിഷയങ്ങളുടെ പ്രായോഗിക പഠനത്തിലൂടെയാണ്.

സെയിൽസ്, അക്കൗണ്ടിംഗ്, കളക്ഷൻ, മാർക്കറ്റിംഗ് എന്നീ നാലുവിംഗുകളിലായി എട്ടാം ക്ലാസിലെ എല്ലാ കുട്ടികളും സ്കൂൾമാർക്കറ്റ് മാനേജർമാരായി പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് നടന്ന 'മികവ് സീസൺ 5' സെമിനാറിൽ പ്രോജക്ട് കോർഡിനേറ്റർ കെ.സി. ജാൻസി, എ.യു. ഹസീന എന്നിവർ പങ്കെടുത്തു.പി. സുരേഷ്, ഹെഡ്മിസ്ട്രസ് കെ. കമലം, പിടിഎ പ്രസിഡൻറ് എം.സി. ശരത് തുടങ്ങിയവർ ഡോക്യുമെൻററി ഷൂട്ടിന് നേതൃത്വം നൽകി.

കഴിഞ്ഞ വർഷം പൊതുവിദ്യാഭ്യാസ വകുപ്പും വിക്ടേഴ്സ് ചാനലും സംഘടിപ്പിച്ച ഹരിതവിദ്യാലയം സീസൺ മൂന്നിൽ സംസ്ഥാനത്തെ മികച്ച പ്രവർത്തനം കാഴ്ചവച്ച വിദ്യാലയമായി ഓടപ്പള്ളം ഗവ. ഹൈസ്കൂളിനെ തെരഞ്ഞെടുത്തിരുന്നു.

# കാരുണ്യ സംഗീത യാത്ര: ചികിത്സാ സഹായധനം കൈമാറി

കണ്ണൂർ: കല്യാശേരി പഞ്ചായത്തിലെ സുഭാഷ്സുമ ദമ്പതികളുടെ പതിനാലുകാരി മകൾ കൃഷ്ണപ്രിയയുടെ ചികിത്സക്കു വേണ്ടി സഹായധനം സമാഹരിക്കുന്നതിനായി ശ്രീകണ്ഠപുരം നന്മ സംഗീത കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഒൻപതു ദിവസങ്ങളിലായി നടത്തിയ 50 മണിക്കൂർ കാരുണ്യ സംഗീത യാത്ര കണ്ണൂരിൽ സമാപിച്ചു.

സ്കോളിയോസിസ് എന്ന മാരക രോഗം ബാധിച്ച കൃഷ്ണപ്രിയയുടെ രണ്ടാംഘട്ട ശസ്ത്രക്രിയക്ക് വേണ്ടിയുള്ള തുക സമാഹരിക്കാനാണ് ഗായകൻ സന്തോഷ് കാവുമ്പായിയുടെ നേതൃത്വത്തിൽ സംഗീത യാത്ര നടത്തിയത്. ജില്ലയിലെ പ്രമുഖ പട്ടണങ്ങളിൽ സംഗീത പരിപാടികൾ അവതരിപ്പിച്ച് പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി സ്വീകരിച്ചതും സാമൂഹിക മാധ്യമങ്ങൾ വഴി ലഭിച്ചതും ഉൾപ്പെടെയുള്ള തുക കണ്ണൂർ കാൽടെക്സ് ജംഗ്ഷനിൽ നടന്ന സമാപന ചടങ്ങിൽ പ്രശസ്ത സാമൂഹിക, ജീവകാരുണ്യ പ്രവർത്തക ബുഷ്റയുടെ സാന്നിധ്യത്തിൽ കൃഷ്ണപ്രിയയുടെ അച്ഛൻ സുഭാഷിന് കൈമാറി.

സംഗീത യാത്രയിൽ സന്തോഷ് കാവുമ്പായി, സിന്ധു പരിയാരം, രാകേഷ് ലൂക്ക, ദേവിക സുരേഷ്, സജീർ തില്ലങ്കേരി, രമേഷ് അടൂർ, ബാബുരാജ് ചേടിച്ചേരി, രൂപേഷ്, യദുനന്ദ എന്നിവർ ഗാനങ്ങൾ ആലപിച്ചു.

# വിൽപനയ്ക്കും ഉപയോഗത്തിനുമായി എംഡിഎംഎ; സ്പാ നടത്തിപ്പുകാരൻ പിടിയിൽ

കൽപ്പറ്റ: വിൽപനയ്ക്കും ഉപയോഗത്തിനുമായി സൂക്ഷിച്ച എംഡിഎംഎയുമായി സ്പാ നടത്തിപ്പുകാരനെ പോലീസ് പിടികൂടി. മുട്ടിൽ, പാറക്കലിലെ സ്പാ ആൻഡ് റെസിഡൻസി നടത്തിപ്പുകാരനായ കോഴിക്കോട്, കൊയിലാണ്ടി, തേവർമഠത്തിൽ വീട്ടിൽ ടി.എം. റാഫി(39)യെയാണ് എസ്ഐ ടി. അനീഷിൻറെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

പോലീസിന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇയാൾ പിടയിലാകുന്നത്. സിഗരറ്റ് പാക്കറ്റിനകത്ത് സുതാര്യ കവറിലാക്കി ഒളിപ്പിച്ച നിലയിലായിരുന്ന 1.83 ഗ്രാം എംഡിഎംഎയാണ് പിടിച്ചെടുത്തത്. എഎസ്ഐ സാഹിറബാനു, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ നജീബ്, ശരത്, ജയേഷ് എന്നിവരും പോലീസ് സംഘത്തിലുണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

# മണ്ഡലങ്ങൾക്കുള്ള വോട്ടിംഗ് യന്ത്രങ്ങൾ വിതരണം ചെയ്തു

കണ്ണൂർ: ലോക്സഭാ തെരഞ്ഞെടുപ്പിനായുള്ള ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഇവിഎം, വിവി പാറ്റ് വെയർഹൗസിൽ നിന്നും 11 നിയമസഭാ മണ്ഡലങ്ങളിലെ സ്ട്രോംഗ് റൂമുകളിലേക്ക് വിതരണം ചെയ്തു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ അരുൺ കെ. വിജയൻറെ സാന്നിധ്യത്തിലാണ് വിതരണം നടന്നത്.

ജില്ലയിലെ 1861 പോളിംഗ് സ്റ്റേഷനുകളിലേക്കായി 2229 ബാലറ്റ് യൂണിറ്റ്, 2229 കൺട്രോൾ യൂണിറ്റ്, 2416 വിവി പാറ്റ്, 2540 പേപ്പർ റോൾ, 2506 വിവി പാറ്റ് ബാറ്ററി, 1961 കൺട്രോൾ യൂണിറ്റ് ബാറ്ററി, 1100 മോക് പോൾ സ്റ്റിക്കേഴ്സ്, 2200 റിസർവ് സ്റ്റിക്കേഴ്സ് എന്നിവയാണ് വിതരണം ചെയ്തത്. ബൂത്തുകളിലേക്കാവശ്യമായ ബാലറ്റ് യൂണിറ്റ്, കൺട്രോൾ യൂണിറ്റ് എന്നിവയുടെ എണ്ണത്തിൻറെ 20 ശതമാനവും വിവി പാറ്റ് യന്ത്രങ്ങളുടെ 30 ശതമാനവും അധികം യന്ത്രങ്ങളാണ് ഓരോ മണ്ഡലങ്ങളി ലേക്കും അയച്ചത്. ഓരോ മണ്ഡലത്തിലും രണ്ട് വീതം കവചിത വാഹനങ്ങളിലാണ് യന്ത്രങ്ങൾ കൊണ്ടു പോയത്. 11 മണ്ഡലങ്ങളിലെയും എആർഒമാരാണ് ഇവിഎം ഏറ്റുവാങ്ങിയത്.

രാവിലെ 8.30ന് ആരംഭിച്ച വിതരണം വൈകുന്നേരം വരെ നീണ്ടു. ഏപ്രിൽ 16ന് മെഷീനുകളുടെ രണ്ടാംഘട്ട റാൻഡമൈസേഷൻ നടക്കും. 17 മുതൽ ഇവിഎം കമ്മീഷ നിംഗ് ആരംഭിക്കും. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ബി. രാധാകൃഷ്ണൻ, കളക്ടറേറ്റ് സീനിയർ സൂപ്രണ്ട് കെ. ബാലഗോപാൽ, ഇവിഎം മാനേജ്മെൻറ് നോഡൽ ഓഫീസർ ആഷിക് തോട്ടാൻ, മറ്റ് തെരഞ്ഞെ ടുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

# അനുമതിയില്ലാതെ പ്രചരണം നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കും

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പ്രചരണം നടത്തുന്ന വാഹനങ്ങൾ വാഹന പെർമിറ്റ്, മൈക്ക് പെർമിറ്റ് എന്നിവ നിർബന്ധമായും വാങ്ങിയിരിക്കണമെന്നും അനുമതിയില്ലാതെ പ്രചരണം നടത്തുന്ന വാഹനങ്ങൾ മുന്നറിയിപ്പില്ലാതെ പിടിച്ചെടുക്കുമെന്നും ജില്ലാ കളക്ടർ സ്നേഹിൽകുമാർ സിംഗ് അറിയിച്ചു.

കോഴിക്കോട്, വടകര ലോക്സഭാ മണ്ഡലങ്ങളിലെ സ്ഥാനാർഥികളോ അവരുടെ ഏജൻറുമാരോ രാഷ്ട്രീയ പാർട്ടികളോ ഓഡിറ്റോറിയങ്ങൾ, കമ്യൂണിറ്റി ഹാളുകൾ എന്നിവ അവരുടെ പരിപാടികൾക്കായി ബുക്ക് ചെയ്യുമ്പോൾ പരിപാടിയുടെ തിയതി, സമയം എന്നിവ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന നിയമസഭാ മണ്ഡലത്തിൻറെ ചുമതലയുള്ള അസിസ്റ്റൻറ് എക്സ്പെൻഡിച്ചർ ഒബ്സർവറെ രേഖാമൂലം അറിയിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

# കോഷൻ ഡെപ്പോസിറ്റ് കൈപ്പറ്റണം

20192020 അധ്യയന വർഷം തിരുവനന്തപുരം ഗവ. ആർട്സ് കോളേജിൽ അഡ്മിഷൻ എടുത്തതും ഇതുവരെയും കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാത്തതുമായ വിദ്യാർഥികൾ 2024 മെയ് 4 തീയതിക്ക് മുമ്പായി കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റിയിട്ടില്ലെങ്കിൽ ഇനിയൊരറിയിപ്പ് ഇല്ലാതെ തന്നെ തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതാണ്.

## തടിലോറികൾ തട്ടി വൈദ്യുതലൈൻ പൊട്ടിവീഴുന്നു; നിർമലപുരം ഭാഗത്ത് സന്ധ്യയായാൽ വെളിച്ചമില്ല

ചുങ്കപ്പാറ: നിർമലപുരം ഗ്രാമീണ റോഡിലൂടെ അമിതഭാരം കയറ്റിവരുന്ന തടിലോറികൾ ലൈനുകളിൽ തട്ടുന്നതോടെ വൈദ്യുത തകരാറുകൾ പതിവായി. കഴിഞ്ഞ കുറേ ദിവസങ്ങളായി നിർമലപുരം, മുഴയമുട്ടം ഭാഗങ്ങളിൽ നിന്ന് പട്ടയഭൂമിയിലേയും വനപ്രദേശങ്ങളിലേയും പാഴ്തടികൾ അടക്കമുള്ളവ വെട്ടി ലോറികളിൽ കയറ്റി അമിത ലോഡുമായെത്തുന്ന ലോറികൾ തട്ടുന്നതോടെ വൈദ്യുത ലൈനുകൾ പൊട്ടിവീഴുന്നതിനു കാരണമാകുന്നുണ്ട്.

വൈകുന്നേരങ്ങളിലാണ് പ്രതിസന്ധി ഏറെയും. ഗ്രാമീണ റോഡിൽ കൂടി കടന്നുപോകുന്ന ടോറസ് വാഹനങ്ങൾ അടക്കം സർവീസ് ലൈനുകളിലും മറ്റും തട്ടുകയും വൈദ്യുതിബന്ധം വിച്ഛേദിക്കാൻ കാരണമാകുകയും ചെയ്യുന്നു. വീടുകളിലടക്കം വൈദ്യുതിബന്ധം തകരാറിലാകാൻ ഇതു കാരണമാകുന്നു. വേനൽക്കാലം ആയതിനാൽ വൈദ്യുതി വിച്ഛേദിക്കപ്പെടുന്നതു മൂലമുള്ള ബുദ്ധിമുട്ടുകളും ഏറെയാണ്.

തെരുവു വിളക്കുകൾ പ്രകാശിക്കാത്തതിനാൽ കാട്ടുമൃഗങ്ങൾ, തെരുവ് നായ്ക്കൾ എന്നിവയുടെ ശല്യവും രൂക്ഷമാണ്. പ്രദേശത്ത് അനധികൃത മാലിന്യനിക്ഷേപവും രൂക്ഷമായിട്ടുണ്ട്. വൈദ്യുതി, പോലീസ്, പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. അടിയന്തര ഇടപെടലുകൾ ഉണ്ടായില്ലെങ്കിൽ നിർമലപുരം ചുങ്കപ്പാറ ജനകീയ വികസന സമിതി നേതൃത്വത്തിൽ സമരപരിപാടികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചു. ജനകീയ വികസന ഭാരവാഹികളായ സോണി കൊട്ടാരത്തിൽ, ജോസി ഇലഞ്ഞിപ്പുറം, ജോയി പീടികയിൽ, ബാബു പുലിതിട്ട, തോമസുകുട്ടി വേഴമ്പതോട്ടം, രാജു, രായൻ നാഗപ്പാറ, ബിറ്റോ മാപ്പൂർ, തോമസുകുട്ടി കണ്ണാടിക്കൽ, റോബിൻ കൊട്ടാരം, റോയി ഇലഞ്ഞിപ്പുറം എന്നിവർ പ്രസംഗിച്ചു.

## ജവഹർ ബാലഭവനിൽ കലാപഠനത്തിൻറെ ഒഴിവുകാലം

കൊല്ലം:കുട്ടികളിലെ കലാഭിമുഖ്യം പരിപോഷിപ്പിക്കാനായി ജവഹർ ബാലഭവൻ. ഒഴിവുകാലം കലാസമ്പന്നമാക്കാൻ രണ്ടുമാസക്കാലയളവിലെ പരിശീലനമാണ് നടത്തുന്നത്. തുടർപഠനത്തിനുള്ള അവസരവും ലഭിക്കും. ബാലഭവനിൽ കുട്ടികൾക്കൊപ്പം കവി കുരീപ്പുഴ ശ്രീകുമാർ കുട്ടികൾക്കൊപ്പം ക്ലാസുകളുടെ ഉദ്ഘാടനം നിർവഹിച്ചു. കലയുടെ സുന്ദരലോകം തുറന്നുകൊടുക്കുന്ന ഇത്തരം സർഗപ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് പറഞ്ഞു.

ചെയർമാൻ എസ്. നാസർ അധ്യക്ഷനായി. വൈസ് ചെയർമാൻ പ്രകാശ് ഡി. നായർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ആനയടി പ്രസാദ്, പി. ഡി. ജോസ്, ബീന സജീവ്, ഗിരിജ സുന്ദരൻ, മാനേജർ ആർ. രാജീവ് തുടങ്ങിയവർ പ്രസംഗിച്ചു. ശാസ്ത്രീയ സംഗീതം, വയലിൻ, വീണ, മൃദംഗം, ഗിറ്റാർ, തബല, ചിത്രകല, ലളിത സംഗീതം, നൃത്തം, ക്രാഫ്റ്റ്, യോഗ, തയ്യൽഎംബ്രോയിഡറി, കീ ബോർഡ്, വ്യക്തിത്വവികസനം എന്നിവയിലാണ് ക്ലാസുകൾ. വിവരങ്ങൾക്ക് 0474 2744345.

## യുണൈറ്റഡ് മർച്ചൻസ് ചേംബർ ഇഫ്താർ സംഗമം നടത്തി

കൊല്ലം: യുണൈറ്റഡ് മർച്ചൻസ് ചേംബർ ഇഫ്താർ സംഗമം നടത്തി. സംസ്ഥാന വൈസ് പ്രസിഡൻറ് നിജാം ബഷി ഉദ്ഘാടനം ചെയ്തു.

കൊല്ലം കോർപറേഷൻ കമ്മിറ്റി പ്രസിഡൻറ് ആസ്റ്റിൻ ബെന്നൻ അധ്യക്ഷത വഹിച്ചു. യൂണിറ്റ് ജനറൽ സെക്രട്ടറി സുഭാഷ് പാറക്കൽ, വർക്കിംഗ് പ്രസിഡൻറ് എം. നെസ് ല, ജില്ലാ വൈസ് പ്രസിഡൻറ് ഡി. മുരളീധരൻ, ജില്ലാ ഭാരവാഹികളായ റൂഷാ. പി.കുമാർ, നുജൂം കിച്ചൻഗാലക്സി, ഷിഹാൻ ബഷി, എച്ച് സലീം, നാസർ ചക്കാലയിൽ, എം. പി. ഫൗസിയ ബീഗം, നഹാസ്, അഡ്വ. രാജേഷ്, നൗഷാദ്, സജു എസ്, താജുദീൻ, ഷംനാദ് എന്നിവർ പ്രസംഗിച്ചു.

ഏറ്റവും നല്ല സേവന പ്രവർത്തനത്തിന് ഗ്ലോബൽ റിസർച്ച് കോൺഫറൻസ് ഫോറം ഇൻറർനാഷണൽ ലെവലിൽ അംഗീകാരം ലഭിച്ച യുഎംസി കൊല്ലം യൂണിറ്റ് വർക്കിംഗ് പ്രസിഡൻറ് എം. നെസ്ലയെ യു എം സി ജില്ലാ സീനിയർ വൈസ് പ്രസിഡൻറ് ഡി. മുരളീധരൻ ആദരിച്ചു.

## മന്ത്രി വീണാ ജോർജിൻറെ പ്രസ്താവന ജനങ്ങളോടുള്ള വെല്ലുവിളി: പഴകുളം മധു

പത്തനംതിട്ട: കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ബിജുവിൻറെ വീട് സന്ദർശിക്കുകയും ജനകീയ വിഷയങ്ങളിൽ പ്രദേശവാസികളോടൊപ്പം നിൽക്കുകയും ചെയ്ത സ്ഥലം എംപിയുടെ ഇടപെടൽ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടിയെന്ന മന്ത്രി വീണാ ജോർജിൻറെ പ്രസ്താവന ജനങ്ങളോടുള്ള വെല്ലുവിളിയെന്ന് കെപിസിസി ജനറൽ സെക്രട്ടറി പഴകുളം മധു.

തുടർച്ചയായി വന്യമൃഗങ്ങളാൽ കർഷകർ കൊലചെയ്യപ്പെടുമ്പോൾ അവരെ രക്ഷിക്കാൻ കഴിയാത്ത ഭരണകൂടത്തിൻറെ പ്രതിനിധിയായ മന്ത്രി സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാനാണ് ആൻറോ ആൻറണിയെ കടന്നാക്രമിക്കുന്നതെന്ന് മധു കുറ്റപ്പെടുത്തി.

ആരോഗ്യ മന്ത്രിയാണ് നാടകം കളിക്കുന്നത്. മരണമടഞ്ഞ ബിജുവിൻറെ കുടുംബത്തിന് സർക്കാരിൽനിന്ന് അർഹമായ നഷ്ടപരിഹാരം ഒറ്റ ഗഡുവായി നൽകുകയാണ് വീണാ ജോർജ് ചെയ്യേണ്ടത്. എത്ര മനുഷ്യരാണ് പത്തനംതിട്ട പാർലമെൻറ് മണ്ഡലത്തിൽ ആന, പോത്ത്, കാട്ടുപന്നി, കടുവ തുടങ്ങിയ വന്യമൃഗങ്ങളാൽ കൊല്ലപ്പെട്ടതെന്നു പറയാൻ മന്ത്രിക്ക് കഴിയുമോയെന്ന് മധു ചോദിച്ചു.

അത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോഴൊക്കെ നിസംഗതയിലായിരുന്നു മന്ത്രിയും സർക്കാരും. അപ്പോഴും ഇടപെടൽ നടത്തിയത് എംപിയും യുഡിഎഫുമാണ്.

നിഷ്ക്രിയത്വം മുഖമുദ്രയാക്കിയ കേരള സർക്കാർ കേന്ദ്രം അനുവദിച്ച ഫണ്ടുപോലും മലയോര ജനതയുടെ സംരക്ഷണത്തിനു ചെലവഴിച്ചിട്ടില്ലെന്ന കണക്ക് പുറത്തുവന്നു.

വന്യജീവി ആക്രമണങ്ങളിൽ നിന്നു ജനങ്ങളെ സംരക്ഷിക്കുകയെന്ന പ്രാഥമിക ചുമതല പോലും നിറവേറ്റാതെ മറ്റുള്ളവരെ കുറ്റംപറയുന്ന സമീപനം അവസാനിപ്പിക്കണമെന്ന് മധു ആവശ്യപ്പെട്ടു.

## വലിയകാവ് വനത്തിൻറെ അതിർത്തി പരിശോധന തുടങ്ങി

പെരുമ്പെട്ടി: അര നൂറ്റാണ്ടായി നടത്തിവരുന്ന പട്ടയ സമരത്തിന് ഫലം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ പൊന്തൻപുഴ, പെരുമ്പെട്ടി നിവാസികൾ. പട്ടയം നൽകാനുള്ള നീക്കത്തിന് മുന്നോടിയായി വനം റവന്യു സർവേ ഉദ്യോഗസ്ഥർ സംയുക്തമായി വലിയകാവ് വനത്തിൻറെ അതിർത്തി പരിശോധന ആരംഭിച്ചു.

വനത്തിൻറെ വടക്കു പടിഞ്ഞാറേ അതിർത്തിയിലുള്ള ഒന്നാം നമ്പർ ജണ്ടയിൽനിന്ന് ആരംഭിച്ച സർവേ പൂർത്തിയാക്കുമ്പോൾ അതിർത്തി സംബന്ധിച്ച അവ്യക്തത പരിഹരിച്ചു കിട്ടുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ.

2019 ൽ ആരംഭിച്ച സർവേയിൽ പെരുമ്പെട്ടിയിലെ കർഷകരുടെ ഭൂമി വനാതിർത്തിക്കു പുറത്താണെന്നു തെളിഞ്ഞിരുന്നു. എന്നാൽ ആ സർവേ അന്തിമഘട്ടത്തിൽ മുടങ്ങുകയായിരുന്നു. നേരത്തെയുള്ള സർവേ രേഖകളിൽ വന്ന പിശകുകൾഡിജിറ്റൽ സർവേയിലൂടെ തിരുത്താനാകുമെന്നാണ് കരുതുന്നത്. തുടർന്ന് ഭൂമിയിൽ കാണുന്ന യഥാർഥ അളവുകളുടെ തർക്കമറ്റ രേഖ തയാറാക്കും.1958ലെ വനവിജ്ഞാപനം അനുസരിച്ചു വലിയകാവ് വനത്തിൽ പെരുമ്പെട്ടിവില്ലേജിൽ നിന്നു 544.60 ഹെക്ടർ ഭൂമിയാണ് ഉൾപ്പട്ടിട്ടുള്ളത്. അത് വേർതിരിച്ചു വനം എന്നു രേഖപ്പെടുത്തി മാറ്റിയാൽ അതിന് പുറത്തുള്ള 512 കർഷകർക്ക് റവന്യു പട്ടയം നൽകാൻ സർക്കാരിന് കഴിയും.

## ഇടതുസർക്കാർ മത്സ്യത്തൊഴിലാളികളുടെ ശത്രു: ടി. എൻ. പ്രതാപൻ എംപി

അമ്പലപ്പുഴ: കഴിഞ്ഞ രണ്ടുതവണയായി കേരളം ഭരിക്കുന്ന ഇടതുപക്ഷ സർക്കാരും രാജ്യം ഭരിക്കുന്ന എൻഡിഎ സർക്കാരും മത്സ്യത്തൊഴിലാളികളോട് ശത്രുതാ മനോഭാവമാണ് കാട്ടുന്നതെന്ന് കെപിസിസി വർക്കിംഗ് പ്രസിഡൻറ് ടി. എൻ. പ്രതാപൻ എംപി.

ദ്രോഹിക്കുന്നവരെയും കരുതലോടെ സ്നേഹിക്കുന്നവരെയും തിരിച്ചറിയാനുള്ള വകതിരിവ് നഷ്ടപ്പെടാത്ത സമൂഹമാണ് തീരദേശ ജനതയെന്നും ടി. എൻ. ഓർമിപ്പിച്ചു. അമ്പലപ്പുഴ കരൂർ പണ്ഡിറ്റ് കെ. പി. കറുപ്പൻ കരയോഗ ജംഗ്ഷനിൽ സംഘടിപ്പിച്ച മത്സ്യത്തൊഴിലാളി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രതാപൻ. ആലപ്പുഴയുടെ കടൽത്തീരം കരിമണൽ മാഫിയകൾക്ക് ഒറ്റുകൊടുത്ത കള്ളപ്പണവുമായാണ് ഇടതുപക്ഷം പാർലമെൻറ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ നൽകാതെയും മത്സ്യബന്ധന സാമഗ്രികൾക്ക് കടുത്ത ജിഎസ്ടി ഏർപ്പെടുത്തിയും നരേന്ദ്രമോദി സർക്കാർ നമ്മെ ദ്രോഹിക്കുമ്പോൾ കേരളത്തിൽ ലീഡർ കെ. കരുണാകരൻറെ കാലംമുതൽ യുഡിഎഫ് സർക്കാരുകൾ മത്സ്യമേഖലയിൽ നൽകിയ ഓരോ ആനുകൂല്യങ്ങളും പിണറായി സർക്കാർ ഇല്ലാതാക്കിയെന്നും ടി. എൻ. പ്രതാപൻ പറഞ്ഞു.

കഴിഞ്ഞദിവസം കടൽക്ഷോഭമുണ്ടായ കാക്കാഴം, നീർക്കുന്നം മേഖലയിലും മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന ജില്ലാ ഭാരവാഹികൾക്കൊപ്പം എംപി സന്ദർശനം നടത്തി. യുഡിഎഫ് സ്ഥാനാർഥി കെ. സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി ഒരുക്കിയ മത്സ്യത്തൊഴിലാളി സംഗമത്തിന് അമ്പലപ്പുഴ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡൻറ് ടി. എ. ഹാമിദ് അധ്യക്ഷത വഹിച്ചു.

മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി എ. ആർ. കണ്ണൻ, കെപിസിസി സെക്രട്ടറി ആർ. രാജശേഖരൻ, അനിൽ ബോസ്, ജയിംസ് ചിങ്കുതറ, പി. സാബു, ബിനു പൊന്നൻ തുടങ്ങിയവർ പ്രസംഗിച്ചു.

## എഴുകോൺ പോലീസിന് കോടതിയുടെ രൂക്ഷവിമർശനം

കൊട്ടാരക്കര: കെഎസ്ആർടി സി ബസിൽ മോഷണം നടത്തി പിടിയിലാവുകയും കോടതി റിമാൻഡ് ചെയ്യുകയും ചെയ്ത പ്രതിക്ക് രക്ഷപ്പെടാൻ പഴുതുണ്ടാക്കി പതിമൂന്നാം ദിവസം കുറ്റപത്രം സമർപ്പിച്ച എഴുകോൺ പോലീസിന് കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ രൂക്ഷ വിമർശനം.

നിരവധി കേസുകളിൽ 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്ത എഴുകോൺ പോലീസ് ഇക്കഴിഞ്ഞ മാർച്ച് 20 ന് നടന്ന കുറ്റകൃത്യത്തിൽ പ്രതി കോയമ്പത്തൂർ സ്വദേശിനി സെൽവി റിമാൻഡിലായ കേസിൽ തിടുക്കപ്പെട്ട് പതിമൂന്നാം ദിവസം കുറ്റപത്രം നൽകിയതിന് പിന്നിൽ ബാഹ്യ സമ്മർദമുണ്ടോയെന്ന് കോടതി സംശയം പ്രകടിപ്പിച്ചു. ജയിലിൽ നിന്നും പോലീസ് വാഹനം ഉപയോഗിക്കാതെ മുന്തിയ സ്വകാര്യവാഹനത്തിൽ ആണ് പ്രതിയെ പോലീസ് കോടതിയിലെത്തിച്ചത്.

സർക്കാർ അഭിഭാഷകൻ ഇത് കോടതിയുടെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് കോടതി സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് വാദം സത്യമെന്ന് ബോധ്യപ്പെട്ടു. ഇക്കാര്യത്തിലും കോടതി പോലീസിനെ വിമർശിക്കുകയും പ്രതിക്കു പിന്നിൽ ബാഹ്യശക്തികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് സംശയമുന്നയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ എഴുകോൺ എസ്എച്ച് ഒ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കണമെന്ന് കോടതി ആവശ്യപ്പെട്ടു.

കഴിഞ്ഞ മാർച്ച് 20നാണ് കേസിനാസ്പദമായ സംഭവം നടക്കുന്നത്. ചീരങ്കാവ് ജെ വൈ കോട്ടേജിൽ വൽസാ യോഹന്നാൻ രാവിലെ 11 ഓടെ കൊട്ടാരക്കരയിലേക്ക് പോകാൻ ചീരങ്കാവിൽ നിന്നും കെഎസ്ആർടിസി ബസിൽ കയറി. തിരക്കിനിടയിൽ ബസിലുണ്ടായിരുന്ന കോയമ്പത്തൂർ സ്വദേശിനിയും നാടോടിയുമായ സെൽവി, വൽസാ യോഹന്നാൻറെ ബാഗിൻറെ സിബ് തുറന്ന് 2000 രൂപ കവർന്ന് ബസിൽ നിന്നും ഇറങ്ങിപ്പോയി. എഴുകോണിലെത്തിപ്പോഴാണ് 2000 രൂപ നഷ്ടമായ വിവരം യാത്രക്കാരി അറിയുന്നത്. പലരോടും അന്വേഷിച്ചതിൽ നിന്നും നാടോടി സ്ത്രീ പോയ ദിശമനസിലാക്കുകയും ഓട്ടോറിക്ഷയിൽ പിന്തുടരുകയും ചെയ്തു.

എഴുകോൺ അമ്പലക്കര സ്കൂളിന് സമീപത്തെ റെയിൽവേ ട്രാക്കിൽ നിന്നും ഓട്ടോറിക്ഷാ ഡ്രൈവറുടെ സഹായത്തോടെ മോഷണം നടത്തിയ നാടോടി സ്ത്രീയെ പിടികൂടുകയും എഴുകോൺ പോലീസിന് കൈമാറുകയുമായിരുന്നു.

മോഷ്ടാവിനെ പിന്തുടരാനും പിടികൂടാനും ധൈര്യം കാണിച്ച വൽസാ യോഹന്നാനെ അന്ന് നാട്ടുകാരെല്ലാം അഭിനന്ദിച്ചിരുന്നു. ഈ കേസിലാണ് പ്രതിക്ക് രക്ഷപ്പെടാൻ എഴുകോൺ പോലീസ് പഴുതൊരുക്കിയതായി കോടതി വിമർശിച്ചത്.

## ആൻറോ ആൻറണിക്ക് 40 ലക്ഷം രൂപയുടെ ആസ്തി: അനിൽ ആൻറണിക്ക് വിദേശത്തടക്കം ഒരു കോടിയുടെ നിക്ഷേപം

പത്തനംതിട്ട: യുഡിഎഫ് സ്ഥാനാർഥിയായി നാമനിർദേശ പത്രിക നൽകിയ ആൻറോ ആൻറണിക്ക് 26,08,211.27 രൂപയുടെ നിക്ഷേപങ്ങളും ഇതര ആസ്തികൾ 14,20, 135 രൂപയുടേതുമാണെന്ന് നാമനിർദേശപത്രികയ്ക്കൊപ്പം സമർപ്പിച്ച സത്യവാങ്മൂലം. 54.78 ലക്ഷം രൂപയുടെ വായ്പയും ആൻറോയ്ക്കുണ്ട്.

ഭാര്യയുടെ പേരിൽ 7,70, 330. 28 രൂപയുടെ ആസ്തിയാണുള്ളത്. രണ്ട് മക്കളിൽ ഒരാളുടെ പേരിൽ 81,194.67 രൂപയും മറ്റൊരാളുടെ പേരിൽ 21,247.06 രൂപയുമാണ് നിക്ഷേപമായുള്ളത്. ആൻറോ ആൻറണിയുടെ കൈവശം 50, 000 രൂപയും ഭാര്യയുടെ കൈവശം 20, 000 രൂപയും മക്കളുടെ കൈവശം 10, 000 രൂപ വീതവുമാണ് പണമായിട്ടുള്ളത്. വിവിധ ബാങ്കുകളിലെ നിക്ഷേപവും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സഹകരണബാങ്കുകളിൽ തലപ്പലത്ത് 25,000 രൂപ ആൻറോയ്ക്ക് നിക്ഷേപമുണ്ട്. ഭാര്യയുടെ പേരിൽ പൂഞ്ഞാർ സഹകരണ ബാങ്കിൽ 20, 000 രൂപയുടെ നിക്ഷേപവുമുണ്ട്. 2016,2019 മോഡലുകളിലുള്ള രണ്ട് ഇന്നോവ വാഹനങ്ങളും ഉപയോഗിക്കുന്നുണ്ട്. കാർഷിക, വാണിജ്യ ഭൂമിയും കെട്ടിടങ്ങളും ഉൾപ്പെടെ 14,20, 135 രൂപയുടെ ആസ്തിയാണ് ആൻറോയ്ക്കുള്ളത്.

ഭാര്യയുടെ പേരിൽ 75,70, 738 രൂപയുടെ ആസ്തിവകകളുണ്ട്. 54,78,658 രൂപയുടെ വായ്പ വിവിധ ബാങ്കുകളിലായി എംപിക്കും 64,49,032.23 രൂപയുടെ വായ്പ ഭാര്യക്കുമുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നൽകിയ ഇൻകംടാക്സ് വിവരങ്ങളും സത്യവാങ്മൂലത്തിലുണ്ട്.

2023 24ൽ ആൻറോ നൽകിയത് 9,49,190 രൂപയാണ്. ഭാര്യ 4,78,530 രൂപയും നൽകി. 2020 21ൽ 12 ലക്ഷം രൂപയും 2019 20ൽ 11,52,539 രൂപയും ആദായനികുതിയായി ആൻറോ നൽകിയിട്ടുണ്ട്. വിവിധ കോടതികളിലായി ഇക്കാലയളവിലുള്ള പെറ്റിക്കേസുകൾ അടക്കമുള്ളവയുടെ വിവരങ്ങളും സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പത്തനംതിട്ട: പത്തനംതിട്ട ലോക്സഭാ മണ്ഡലം എൻഡിഎ സ്ഥാനാർഥി അനിൽ കെ. ആൻറണിക്ക് വിദേശ ബാങ്കുകളിലടക്കം 1,00, 14,577.75 രൂപയുടെ നിക്ഷേപമുള്ളതായി സത്യവാങ്മൂലം. 50, 000 രൂപയാണ് സ്ഥാനാർഥിയുടെ കൈവശമുള്ളത്. ന്യൂഡൽഹി, തിരുവനന്തപുരം എന്നിവിടങ്ങളിലെ വിവിധ ബാങ്ക് ശാഖകളിലെ നിക്ഷേപങ്ങളുടെ വിവരങ്ങൾ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

യുഎസ്എയിലെ വിവിധ ധനകാര്യസ്ഥാപനങ്ങളിലായി 5.38 ലക്ഷം, 56,610 രൂപയുടെയും നിക്ഷേപങ്ങളുണ്ട്. വിദേശത്തുൾപ്പെടെ നടത്തിയിട്ടുള്ള ഇതര നിക്ഷേപ വിവരങ്ങളും ചേർത്താണ് സത്യവാങ്മൂലം തയാറാക്കിയിട്ടുള്ളത്. വസ്തു സംബന്ധമായ ഇതര ആസ്തികളോ വായ്പകളോ കുടിശികകളോ ഒന്നും തന്നെ ഇല്ല. യുഎസ്എയിലെ സ്റ്റാൻഫോർഡ് സർവകലാശാലയിൽനിന്നു നേടിയിട്ടുള്ള മാസ്റ്റർ ഓഫ് സയൻസ് ഇൻ മാനേജ്മെൻറ് സയൻസ് ആൻഡ് എൻജിനിയറിംഗാണ് അനിലിൻറെ വിദ്യാഭ്യാസ യോഗ്യത.

## വെയ്റ്റിംഗ്ഷെഡിലെ എംപിയുടെ പേര് മറയ്ക്കണം: കളക്ടറുടെ ഉത്തരവിന് എതിരേ യുഡിഎഫ്

പത്തനംതിട്ട: തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനു ശേഷം ഇടതു സ്ഥാനാർഥി സർക്കാർ ഏജൻസികളായ കെ ഡിസ്ക്, കുടുംബശ്രീ, ഹരിതകർമസേനകളെ ഉപയോഗപ്പെടുത്തി പ്രചാരണം നടത്തുന്നതു സംബന്ധിച്ച് യുഡിഎഫ് രേഖാമൂലം പരാതി നൽകിയിട്ടും വിഷയം താക്കീതിൽ ഒതുക്കുകയാണ് ജില്ലാ ഭരണകൂടം ചെയ്തതെന്ന് യുഡിഎഫ് ജില്ലാ ചെയർമാൻ വർഗീസ് മാമ്മൻ.

കേന്ദ്രസർക്കാരിൽ നിന്നുള്ള എംപിയുടെ പ്രാദേശിക വികസനഫണ്ട് വിനിയോഗിച്ച് പണികഴിപ്പിച്ച വെയ്റ്റിംഗ്ഷെഡുകൾ, 4 ജി ടവറുകൾ എന്നിവയിൽ അതിൻറെ ബോർഡ് സ്ഥാപിച്ചത് നീക്കം ചെയ്യണമെന്നും മറയ്ക്കണമെന്നുമുള്ള നിർദേശം പക്ഷപാതപരവും പരിഹാസ്യവുമാണ്.

മുൻകാല തെരഞ്ഞെടുപ്പുകളിൽ ഇത്തരം വെയ്റ്റിംഗ് ഷെഡുകൾ, ജനപ്രതിനിധികളുടെ ഫണ്ട് വിനിയോഗിച്ച മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ ബോർഡുകൾ തെരഞ്ഞെടുപ്പ് പ്രചാരണഘട്ടത്തിൽ നിലനിന്നിട്ടുണ്ട്. ജില്ലയിലെ എംഎൽഎമാർ സ്ഥാപിച്ചിട്ടുള്ള വെയ്റ്റിംഗ് ഷെഡുകൾ ഇപ്പോഴും നിലനിൽക്കുന്നു. ആൻറോ ആൻറണി എംപിയുടെ മാത്രം പേരു മറയ്ക്കാനുള്ള നിർദേശം നീതിരഹിതമാണെന്ന് വർഗീസ് മാമ്മൻ കുറ്റപ്പെടുത്തി.

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിന് മുൻപേ സ്ഥാപിച്ച കാത്തിരിപ്പു കേന്ദ്രങ്ങളിൽ നിന്നും ആൻറോ ആൻറണി എംപിയുടെ പേരുമാറ്റണമെന്ന ജില്ലാ കളക്ടറുടെ ഉത്തരവ് ജനാധിപത്യ വിരുദ്ധവും അധികാര ദുർവിനിയോഗവും ഏകപക്ഷീയവുമാണെന്ന് ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ജില്ലാ നേതൃയോഗം ആരോപിച്ചു.

എംപിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചു തെരഞ്ഞെടുപ്പിന് മാസങ്ങൾക്കു മുൻപേ സ്ഥാപിച്ച സ്ഥാപനങ്ങളിൽ നിന്നും പേരുമായിക്കണമെന്ന ഉത്തരവ് ധാർമികതയ്ക്ക് ചേർന്നതല്ല.

പൊതു തെരഞ്ഞെടുപ്പ് വരുമ്പോൾ പിണറായിയും മാന്ത്രിമാരും സ്ഥാപിച്ച ബോർഡുകളും ശിലാഫലകങ്ങളും ഇത്തരത്തിൽ നീക്കം ചെയ്യേണ്ടിവരുമെന്നും യോഗം ചൂണ്ടിക്കാട്ടി.

ജില്ലാ പ്രസിഡൻറ് ഏബ്രഹാം മാത്യു പനച്ചമൂട്ടിൽ അധ്യക്ഷത വഹിച്ചു. മേഖല ചെയർമാൻ വി. സി. സാബു ഉദ്ഘാടനം ചെയ്തു.

## പിടികൂടിയത് 141 അബ്കാരി കേസുകളും 51 മയക്കുമരുന്നു കേസുകളും

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിൻറെ ഭാഗമായുള്ള എക്സൈസ് സ്പെഷൽ ഡ്രൈവിൽ ഇതുവരെ 141 അബ്കാരി കേസുകളും 51 മാരകമയക്കുമരുന്നു (എൻഡിപിഎസ്) കേസുകളും കണ്ടെത്തിയതായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ.

356 ലിറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യം, 558 ലിറ്റർ സ്പിരിറ്റ് കലർന്ന കള്ള്, 86 ലിറ്റർ ചാരായം, 732 ലിറ്റർ വാഷ്, 36 ലിറ്റർ അരിഷ്ടം, 8.2 ലിറ്റർ ബിയർ, മൂന്നു കിലോ കഞ്ചാവ്, എട്ടുകിലോ കഞ്ചാവ് കലർന്ന മിഠായികൾ, 463.17 ഗ്രാം ഹാഷിഷ് ഓയിൽ, കഞ്ചാവുചെടികൾ മൂന്നെണ്ണം, മെത്താഫെറ്റാമിൻ 2.165 ഗ്രാം, 470 കിലോ പുകയില ഉത്പന്നങ്ങൾ, ആറു വാഹനങ്ങൾ എന്നിവ പിടികൂടി.സ്പെഷൽ ഡ്രൈവിൻറെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല എക്സൈസ് കൺട്രോൾ റൂം തൃശൂർ ഡിവിഷൻ ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്.കൺട്രോൾ റൂം ടെലഫോൺ നമ്പർ 0487 2361237. ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് താലൂക്ക് തലത്തിൽ എക്സൈസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ രണ്ടു സ്ട്രൈക്കിംഗ് ഫോഴ്സും നാഷണൽ ഹൈവേകളിൽ 24 മണിക്കൂറും പട്രോളിംഗും നടത്തുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലീഗിന്റെ വോട്ട് വേണം, പതാക പാടില്ല: പിണറായി വിജയൻ

## സ്വന്തം കൊടിക്ക് പോലും കോൺഗ്രസിന് അയിത്തം



ആലപ്പുഴ: കോൺഗ്രസിനെതിരേ രൂക്ഷ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. നല്ല ആശയവ്യക്തതയും നിലപാടിൽ ദൃഢതയുമാണ് ലോക്സഭയിലേക്ക് പോകുന്നവർക്ക് വേണ്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംഘപരിവാറിന് മുമ്പിൽ സ്വയം മറന്ന് നിൽക്കുന്ന കോൺഗ്രസിനേയും സ്വന്തം പതാക ഒളിപ്പിച്ചുവെക്കുന്ന ഭീരുത്വവും അല്ല നാടിന്റെ പ്രതിനിധിയായി ലോക്സഭയിലേക്ക് പോകുന്നവർക്ക് വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആലപ്പുഴയിൽ വെച്ച് മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് എൽ.ഡി.എഫിന് അനുകൂല സാഹചര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിർണായക തിരഞ്ഞെടുപ്പിൽ കോൺഗ്രസ് ബിജെപിയെ ഭയക്കുന്നു. സ്വന്തം പതാക ഉയർത്താതെ വർഗീയ വാദികളെ ഭയന്ന് പിന്മാറും വിധം കോൺഗ്രസ് അധ:പതിച്ചിരിക്കുന്നു. ത്രിവർണപതാക കോൺഗ്രസ് ഉപേക്ഷിക്കണം എന്ന് സംഘപരിവാർ ഉയർത്തിയ ആവശ്യമാണ്. അതിന് വഴങ്ങുകയാണോ പുതിയ കോൺഗ്രസ് എന്നും മുഖ്യമന്ത്രി ചോദിച്ചു.

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പതാക ഇന്ത്യയിലെ ജനങ്ങൾ അണിനിരക്കുന്ന പാർട്ടിയുടെ കൊടിയാണ് എന്ന് കോൺഗ്രസ് പറയാൻ തയ്യാറാകും എന്ന് ചിലരെങ്കിലും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതുണ്ടായില്ല. ഇപ്പോൾ സ്വന്തം പതാകയും കോൺഗ്രസ് ഉപേക്ഷിച്ചിരിക്കുന്നു. ഇവരാണോ സംഘപരിവാറിനെതിരായി സമരം നയിക്കുക?.

കഴിഞ്ഞ തവണ വിവാദമുണ്ടായ പശ്ചാത്തലത്തിലാണ് ഇത്തവണ ലീഗിന്റെ പതാകയും കോൺഗ്രസിന്റെ പതാകയും ഒഴിവാക്കി പ്രവർത്തകർ രാഹുൽഗാന്ധിയുടെ റോഡ് ഷോയിൽ പങ്കെടുത്തതെന്നാണ് വാർത്ത. ഇത് ഒരു തരം ഭീരുത്വമല്ലേ? മുസ്ലിം ലീഗിന്റെ വോട്ട് വേണം, പതാക പാടില്ല എന്ന നിലപാട് എന്തുകൊണ്ടാണ് എടുക്കുന്നത്. ലീഗ് പതാക ലോകത്തെ കാണിക്കുന്നതിൽ നിന്ന് ഒളിച്ചോടാൻ സ്വന്തം കൊടിക്ക് പോലും അയിത്തം കൽപ്പിക്കുന്ന ദുരവസ്ഥയിലേക്ക് കോൺഗ്രസ് എന്തുകൊണ്ടാണ് താണുപോയത്.

രാജ്യസഭ പ്രാധാന്യമർഹിക്കുന്ന ഘട്ടത്തിലാണ്, കാലയളവ് തീരാൻ രണ്ട് വർഷം ബാക്കിനിൽക്കെ രാജസ്ഥാനിൽ നിന്നുള്ള കോൺഗ്രസ് രാജ്യസഭാംഗം കേരളത്തിൽ വന്ന് ലോക്സഭയിലേക്ക് മത്സരിക്കുന്നത്. അദ്ദേഹവും കോൺഗ്രസിന്റെ ദേശീയ നേതാവാണ്. ആലപ്പുഴക്കാർ രാഷ്ട്രീയ പ്രബുദ്ധരാണ്. അതുകൊണ്ട് അദ്ദേഹം അവിടന്ന് കരകയറാൻ പോകുന്നില്ല. എന്നാൽ അദ്ദേഹം ജയിക്കുകയാണെങ്കിൽ സംഭവിക്കുന്നത് എന്താണ് എന്നാണ് ഉയരുന്ന ചോദ്യം. ജയിച്ചാൽ രാജസ്ഥാനിൽ നിന്നും രാജ്യസഭയിലേക്ക് ഒരു ബിജെപി അംഗമാണ് പകരം പോകുക. നിലവിലുള്ള ഒരു രാജ്യസഭാംഗത്വം നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിയാണുള്ളത്. ബിജെപിയുടെ രാജ്യസഭാ സീറ്റുകളുടെ എണ്ണം വർധിപ്പിക്കാനുള്ള കൊട്ടേഷൻ കോൺഗ്രസും കോൺഗ്രസ് സംഘടനാ ജനറൽ സെക്രട്ടറിയും എടുത്തിരിക്കുന്നുവെന്നും അദ്ദേഹം ആരോപിച്ചു.

ബി.ജെ.പിയിതര പാർട്ടികൾക്കെതിരേ കേന്ദ്ര ഏജൻസികൾ വലവീശിയിട്ടുണ്ട്. കോൺഗ്രസിന്റെ നേതാക്കൾക്കെതിരേ ഏജൻസികൾ ഇടപെടുമ്പോൾ അത് എതിർക്കും. എന്നാൽ കോൺഗ്രസ് ഇതര പാർട്ടികളുടെ കാര്യം വരുമ്പോൾ അവർ കേന്ദ്ര സർക്കാരിനൊപ്പമാണ്. ഇതിന്റെ ഏറ്റവും വലിയ ജീവിക്കുന്ന ഉദാഹരണമാണ് കെജ്രിവാൾ. മദ്യനയ പ്രശ്നം ഉയർന്നുവന്നപ്പോൾ ഏറ്റവും വലിയ ആരോപണം ഉന്നയിച്ചത് കോൺഗ്രസായിരുന്നു. പരാതി നൽകിയത് കോൺഗ്രസാണ്. ആ കേസാണ് ഇ.ഡിക്ക് അവിടെ കടന്ന് ചെല്ലാൻ ഇടയാക്കിയത് പിണറായി വിജയൻ പറഞ്ഞു.

# റിസർവ് ബാങ്ക് പണനയം ഇന്ന് പ്രഖ്യാപിക്കും

കൊച്ചി : റിസർവ് ബാങ്ക് പുതിയ സാമ്പത്തികവർഷത്തെ ആദ്യ പണനയം വെള്ളിയാഴ്ച പ്രഖ്യാപിക്കും. കഴിഞ്ഞ ആറ് പണനയത്തിലും റിസർവ് ബാങ്ക് അടിസ്ഥാന പലിശനിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. ഇത്തവണയും പലിശനിരക്കുകൾ മാറ്റമില്ലാതെ നിലനിർത്താനാണ് സാധ്യതയെന്ന് സാമ്പത്തികവിദഗ്ധർ പറയുന്നു. വായ്പ എടുത്തവർക്കും പുതിയ വായ്പ എടുക്കാനിരിക്കുന്നവർക്കും ഇത് തിരിച്ചടിയാകും.

വാണിജ്യ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകുന്ന ഹ്രസ്വകാല വായ്പകളുടെ പലിശനിരക്കായ റിപ്പോ നിലവിൽ 6.5 ശതമാനമാണ്. 2022 ഏപ്രിലിൽ ഇത് നാലുശതമാനമായിരുന്നു. പിന്നീട് പണപ്പെരുപ്പം കുറയ്ക്കാനെന്നപേരിൽ 2022 മെയ് 2023 ഫെബ്രുവരി കാലയളവിൽ ആറുതവണയായി 2.50 ശതമാനം വർധിപ്പിച്ചാണ് നിലവിലെ നിരക്കിലെത്തിച്ചത്. രാജ്യത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഉൾപ്പെടെ വില ഉയർന്ന് നിൽക്കുന്നതിനാൽ 2025 സാമ്പത്തികവർഷത്തിന്റെ മൂന്നാംപാദത്തിൽ നിരക്കിളവ് പ്രതീക്ഷിച്ചാൽമതിയെന്നാണ് എസ്ബിഐയുടെ ?ഗവേഷണവിഭാഗം പറയുന്നത്.

# പുതുക്കിയ ഫിഫ റാങ്കിങ്; ഇന്ത്യ 121 ൽ, ഒന്നാമത് അർജന്റീന

സൂറിച്ച് : പുതുക്കിയ ഫിഫ റാങ്കിങ് പുറത്തു വിട്ടു. റാങ്കിങ്ങിൽ ഇന്ത്യ നാല് സ്ഥാനം നഷ്ടപ്പെടുത്തി 121 ാം സ്ഥാനത്തെത്തി. ആദ്യ പത്ത് റാങ്കിങ്ങിൽ കാര്യമായ മാറ്റങ്ങളില്ല. അർജന്റീന തന്നെയാണ് ഒന്നാമത് തുടരുന്നത്. ഫ്രാൻസ് രണ്ടാമത് തുടരുന്നു. ബെൽജിയം നാലിൽ മൂന്നാമതെത്തിയപ്പോൾ ഇംഗ്ലണ്ട് ഒരു സ്ഥാനം നഷ്ടപ്പെട്ട് നാലാമതെത്തി.

# പി.കെ. ബിജുവിനെ എട്ടു മണിക്കൂർ ചോദ്യം ചെയ്തു; തിങ്കളാഴ്ച വീണ്ടും ഹാജരാകണം

തൃശൂർ : കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസിൽ മുൻ എംപി പി.കെ.ബിജുവിനെ എട്ടുമണിക്കൂറിലേറെ ഇഡി ചോദ്യം ചെയ്തു. ഇന്നത്തെ ചോദ്യം ചെയ്യൽ പൂർത്തിയാക്കി വിട്ടയച്ച ബിജുവിനോട് തിങ്കളാഴ്ച വീണ്ടും ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകി.

കരുവന്നൂർ ബാങ്കിൽ സിപിഎമ്മിന് അഞ്ച് രഹസ്യ അക്കൗണ്ട് ഉണ്ടെന്നും ഇതിലൂടെ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്നും ഇഡി കണ്ടെത്തിയിരുന്നു. സിപിഎം തൃശൂർ ജില്ലാ സെക്രട്ടറി എം.എം.വർഗീസ്, കൗൺസിലർ പി.കെ.ഷാജൻ എന്നിവർ നാളെ ഇഡിക്കു മുന്പിൽ ഹാജരാകണം.

ബാങ്കിൽ നടന്ന ക്രമക്കേടിലും ഇഡി ആരോപിക്കുന്ന സിപിഎം രഹസ്യ അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളാണ് നേതാക്കളിൽ നിന്ന് ചോദിച്ചറിയുന്നത്. കരുവന്നൂർ ക്രമക്കേടിൽ സിപിഎം നിയോഗിച്ച അന്വേഷണ കമ്മീഷനിൽ അംഗമായരുന്നു ഹാജരാകാൻ നിർദ്ദേശം ലഭിച്ചിട്ടുള്ള കൗൺസിലർ പി.കെ.ഷാജൻ.

നാളെ രാവിലെ പത്തിന് ഹാജരാകാനാണ് എം.എം.വർഗീസിനും പി.കെ. ഷാജനും നിർദേശം നൽകിയത്. നേരത്തെ 26 വരെ ചോദ്യം ചെയ്യലിൽ നിന്ന് ഒഴിവാക്കണമെന്ന് വർഗീസ് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇഡി നിലപാട് കടുപ്പിക്കുകയായിരുന്നു.

# പതഞ്ജലിക്കെതിരെ കേരളത്തിൽ കേസ്

കോഴിക്കോട് : പതഞ്ജലി ഉൽപ്പന്നങ്ങളുടെ നിരോധിക്കപ്പെട്ട പരസ്യങ്ങൾ നൽകിയതിന് യോഗാഭ്യാസി രാംദേവിനും സഹായി ബാലകൃഷ്ണയ്ക്കുമെതിരെ കേരളത്തിൽ ആദ്യ കേസ് ഫയൽ ചെയ്തു. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയതിന് ഡ്രഗ്സ് ആൻഡ് മാജിക് റമഡീസ് (ഒബ്ജക്ഷനബിൾ അഡ്വൈർടൈസ്മെന്റ്) നിയമമനുസരിച്ചാണ് കോഴിക്കോട് ഡ്രഗ് കൺട്രോൾ വിഭാഗം കേസെടുത്തത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 35 മഹസറുകൾ തയ്യാറായിട്ടുണ്ട്. ഇതിൽ ആദ്യ കേസാണ് കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തത്.

പതഞ്ജലി ഗ്രൂപ്പിന്റെ മരുന്ന് നിർമാണ കമ്പനിയായ ദിവ്യ ഫാർമസിക്കെതിരെ ഫയൽ ചെയ്ത കേസിൽ രാംദേവും ബാലകൃഷ്ണയും ഒന്നും രണ്ടും പ്രതികളാണ്. പ്രതികൾക്ക് ഉടൻ നോട്ടീസയക്കും. വിചാരണക്കായി കോടതിയിൽ ഹാജരാകേണ്ടിവരും. പരാതികൾ ധാരാളം ഉയർന്നെങ്കിലും രാജ്യത്ത് ആദ്യമായാണ് ഡ്രഗ്സ് വകുപ്പ് പതഞ്ജലി ഗ്രൂപ്പിനെതിരെ കേസ് ഫയൽ ചെയ്യുന്നത്. ലൈംഗിക പ്രശ്നങ്ങൾക്കും വന്ധ്യതക്കും ശാസ്ത്രീയ പരിഹാരമായി പതഞ്ജലി പുറത്തിറക്കിയ അഞ്ച് മരുന്നുകളുടെ പരസ്യം പ്രസിദ്ധീകരിച്ചതിനാണ് കേസ്. ആറു മാസം തടവോ പിഴയോ ആണ് ശിക്ഷ. ജനകീയ ആരോഗ്യ പ്രവർത്തകൻ ഡോ. ബാബു സംസ്ഥാന ഡ്രഗ് കൺട്രോളർക്ക് നൽകിയ പരാതിയിലാണ് നടപടി. പരസ്യം നൽകിയ പത്രസ്ഥാപനങ്ങൾക്കു പുറമെ ഡിജിറ്റൽ തെളിവുകളും ശേഖരിച്ചിട്ടുണ്ട്. കോഴിക്കോട് അസി. ഡ്രഗ്സ് കൺട്രോളർ ഷാജി എം വർഗീസ് രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡാണ് കേസ് അന്വേഷിക്കുന്നത്. ഡ്രഗ്സ് ഇൻസ്പെക്ടർ കെ നീതുവിനാണ് അന്വേഷണ ചുമതല.

# നാമനിർദേശപത്രിക സമർപ്പണം അവസാനിച്ചു; മത്സര രംഗത്ത് 290 സ്ഥാനാർഥികൾ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിനായി സംസ്ഥാനത്ത് 290 സ്ഥാനാർഥികൾ നാമനിർദേശപത്രിക സമർപ്പിച്ചതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി സംസ്ഥാനത്ത് ഇന്ന് അവസാനിച്ചു. ഏറ്റവുമധികം സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചത് തിരുവനന്തപുരം മണ്ഡലത്തിലാണ്(22). ഏറ്റവും കുറവ് ആലത്തൂർ(എട്ട്). മാർച്ച് 28 നാണ് സംസ്ഥാനത്ത് നാമനിർദേശ പത്രികാ സമർപ്പണം തുടങ്ങിയത്.

പത്രിക സമർപ്പണത്തിന്റെ അവസാന ദിവസമായ ഇന്ന് 252 നാമ നിർദേശ പത്രികകളാണ് ലഭിച്ചത്. ആകെ 499 പത്രികകൾ ഇതുവരെ ലഭിച്ചു.

വെള്ളിയാഴ്ച സൂക്ഷ്മ പരിശോധന നടത്തും. ഏപ്രിൽ എട്ടിന് പത്രിക പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിക്കുന്നതോടെ മത്സരരംഗത്തുള്ളവരുടെ അന്തിമ ചിത്രം തെളിയും.

തിരുവനന്തപുരം 22, ആറ്റിങ്ങൽ 14, കൊല്ലം 15, പത്തനംതിട്ട 10, മാവേലിക്കര 14, ആലപ്പുഴ 14, കോട്ടയം 17, ഇടുക്കി 12, എറണാകുളം 14, ചാലക്കുടി 13, തൃശൂർ 15, ആലത്തൂർ എട്ട്, പാലക്കാട് 16, പൊന്നാനി 20, മലപ്പുറം 14, കോഴിക്കോട് 15, വയനാട് 12, വടകര 14, കണ്ണൂർ 18, കാസർഗോഡ് 13 പേരും നാമനിർദേശപത്രിക സമർപ്പിച്ചു.

# ഉത്സവത്തിനിടെ കത്തിക്കുത്തിൽ യുവാവ് മരിച്ച സംഭവം; കൗമാരക്കാരനടക്കം ആറുപേർ പിടിയിൽ



മൂർക്കനാട്: ആലുംപറമ്പിൽ ഉത്സവത്തിനിടയിൽ കത്തിക്കുത്തിനെ തുടർന്ന് ഒരാൾ മരിച്ച സംഭവത്തിൽ കൗമാരക്കാരനായ ഒരാൾ അടക്കം ആറുപേർ പോലീസ് പിടിയിൽ. 2018ൽ ഇരിങ്ങാലക്കുട കനാൽ ബേസിൽ മോന്തചാലിൽ വിജയൻ വധക്കേസിലെ പ്രതികളിലൊരാളായ ജാമ്യത്തിലിറങ്ങിയ വെള്ളാങ്ങല്ലൂർ അമ്മാട്ടുകുളം കുന്നത്താൻ വീട്ടിൽ മെജോ (32) അടക്കം ആറുപേരാണ് ഇരിങ്ങാലക്കുട പോലീസ് പിടിയിലായത്. കരുവന്നൂർ ചെറിയപാലം പുക്കോട്ടിൽ വീട്ടിൽ അപ്പുവെന്നുവിളിക്കുന്ന അതുൽ കൃഷ്ണ (23), അമ്മാടം പാർപ്പക്കടവ് പുത്തൻപുരയ്ക്കൽ അക്ഷയ് (21), കാറളം വെള്ളാനി പാടേക്കാരൻ ഫാസിൽ (23), കാറളം കിഴുത്താണി ചീരോത്ത് വീട്ടിൽ വാവ എന്നുവിളിക്കുന്ന ജിഷ്ണു (26) എന്നിവരെയാണ് ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. കുഞ്ഞുമോയ്തീൻ കുട്ടിയുടെ നേതൃത്വത്തിലുള്ള പോലീസും സ്ക്വാഡ് അംഗങ്ങളും ചേർന്ന് പിടികൂടിയത്.

ബുധനാഴ്ച രാത്രി ഏഴുമണിയോടെ മൂർക്കനാട് ശിവക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള വെടിക്കെട്ടിന് പിന്നാലെ ആലുംപറമ്പിൽ വെച്ചായിരുന്നു സംഭവം. രണ്ടുസംഘങ്ങളായി തിരിഞ്ഞുണ്ടായ സംഘർഷത്തിനിടയിലാണ് കത്തികൊണ്ടുള്ള ആക്രമണം ഉണ്ടായത്. സംഭവത്തിൽ മരിച്ച അരിമ്പൂർ ചുള്ളിപറമ്പിൽ വീട്ടിൽ സുഭാഷ് ചന്ദ്രബോസിന്റെ മകൻ അക്ഷയ്ക്ക് (21) നെഞ്ചിനോട് ചേർന്നാണ് കുത്തേറ്റത്. സംഭവത്തിൽ അഞ്ചുപേർക്ക് കുത്തേറ്റിരുന്നു. ഇതിൽ ആനന്ദപുരം സ്വദേശി സന്തോഷിന്റെ നില ഗുരുതരമാണെന്ന് പോലീസ് പറഞ്ഞു. സന്തോഷ് അപ്പോളോ ആശുപത്രിയിൽ ചികിത്സയിലാണ്.

കഴിഞ്ഞ ഡിസംബറിൽ മൂർക്കനാട് നടന്ന ഫുട്ബോൾ മത്സരത്തിനിടെയുണ്ടായ തർക്കത്തെ തുടർന്നുള്ള വിരോധമാണ് കൊലപാതകത്തിൽ കലാശിച്ചത്.

സംഭവം നടന്ന സ്ഥലത്ത് ഫോറൻസിക് വിദഗ്ധരും ഡോഗ് സ്ക്വാഡും പരിശോധന നടത്തി. കുത്തുനടന്ന സ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ കത്തിയും വാച്ചും ചെരുപ്പുമെല്ലാം ഉദ്യോഗസ്ഥ സംഘം പരിശോധിച്ചു. റോഡിലെ രക്തകറയുടെ സാമ്പിളും പരിശോധനയ്ക്കെടുത്തു. ഫോറൻസിക് സൈന്റിഫിക് വിദഗ്ധ ലക്ഷ്മി, വിരലടയാള വിദഗ്ധ ജീനി, ഫോറൻസിക് ഫോട്ടോഗ്രാഫർ രാധാകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

# കരണിയിലെ കൊലപാതക ശ്രമം; ഒരാൾ കൂടി അറസ്റ്റിൽ, ഇനി പിടിയിലാകാനുള്ളത് 2 പേർ

മീനങ്ങാടി: കരണിയിൽ യുവാവിനെ വീട്ടിൽ കയറി ഗുരുതരമായി വെട്ടി പരിക്കേൽപ്പിച്ച് കടന്നു കളഞ്ഞ സംഭവത്തിൽ അക്രമിസംഘത്തിലെ ഒരാൾ കൂടി അറസ്റ്റിൽ. ആലുവ കോമ്പാറ വെളുങ്കോടൻ വി.എസ്. ബിലാൽ (30 ) ആണ് മീനങ്ങാടി പോലീസിന്റെ പിടിയിലായത്. ഒളിവിൽ കഴിയുകയായിരുന്ന പ്രതിയെ എറണാകുളം, തൃക്കാക്കരയിൽ നിന്നാണ് തൃക്കാക്കര പോലീസിന്റെ സഹായത്തോടെ മീനങ്ങാടി പോലീസ് പിടികൂടിയത്.

മുൻപ് കാപ്പ ചുമത്തി ശിക്ഷിക്കപ്പെട്ടയാളാണ് ബിലാൽ. ആലുവ, തൊടുപുഴ, എടത്തല, ശക്തികുളങ്ങര, തൃക്കാക്കര തുടങ്ങി നിരവധി സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസുണ്ട്. ഇതോടെ കേസിൽ ഉൾപ്പെട്ട 15 പ്രതികളിൽ പതിമൂന്നു പേരും പിടിയിലായി. ഇനി രണ്ടു പേർ കൂടി പിടിയിലാകാനുണ്ട്.

2023 ഒക്ടോബർ 12ന് പുലർച്ചെ 2.30 നാണ് മുഖംമൂടി ധരിച്ചെത്തിയ ഗുണ്ടാസംഘം, കരണി സ്വദേശിയും നിരവധി കേസുകളിൽ പ്രതിയുമായ അഷ്കർ അലിയെ വീട്ടിൽ വെച്ച് വെട്ടിപ്പരിക്കേൽപ്പിച്ച് കടന്നു കളഞ്ഞത്. തുടർന്ന് പോലീസ് കൃത്യമായി അന്വേഷണം നടത്തി 12 പേരെ പിടികൂടി റിമാൻഡ് ചെയ്തിരുന്നു. ബിലാലിന്റെ അറസ്റ്റ് രേഖപ്പെടുത്തി ബത്തേരി കോടതിയിൽ ഹാജരാക്കി. പ്രതിയെ റിമാൻഡ് ചെയ്തു. അന്വേഷണ സംഘത്തിൽ സ്റ്റേഷൻ ഇൻസ്പെക്ടർ പി.ജെ. കുര്യാക്കോസ്, എസ്.സി.പി.ഒമാരായ കെ.എം. പ്രവീൺ, എം.എസ്. സുമേഷ്, സി.പി.ഒ അഫ്സൽ, എന്നിവരുമുണ്ടായിരുന്നു.

# കോൾഡ് റൂമിൻറെ പ്രവർത്തനവും നിലച്ചു; ബ്ലഡ് ബാങ്ക് പ്രശ്നം തീരുന്നില്ല

ആലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി ബ്ലഡ് ബാങ്കിൽ കോൾഡ് റൂമിൻറെ പ്രവർത്തനം നിലച്ചു. 60 ലക്ഷത്തിൽപ്പരം രൂപ ചെലവിൽ സജ്ജീകച്ച് ഏതാനും മാസങ്ങൾക്കുമുമ്പ് പ്രവർത്തനമാരംഭിച്ച കോൾഡ് റൂമിൻറെ പ്രവർത്തനമാണ് ഏതാനും ദിവസം മുന്പ് നിലച്ചത്. കോൾഡ് റൂമിൻറെ പ്രവർത്തനം നിലച്ചതോടെ ആവശ്യക്കാർക്കു മതിയായ അളവിൽ രക്തം ലഭ്യമാകുന്ന സാഹചര്യവും ഇല്ലാതായി. കോൾഡ് റൂമിൻറെ പ്രവർത്തന ച്ചുമതലയിൽനിന്ന് ടെക്നീഷ്യനെ ഒഴിവാക്കി പകരം ചുമതല അറ്റൻററർമാർക്കു കൈമാറിയിരുന്നു. മണിക്കൂർ ഇടവിട്ട് താപനില രേഖപ്പെടുത്തിയില്ല. സാങ്കേതിക പരിജ്ഞാനമില്ലാത്ത അറ്റൻററുടെ പ്രവർത്തന രീതിയും പാളിച്ചകളായി. രണ്ടു ദിവസത്തിനു ശേഷമാണ് സംഭവം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെട്ടത്.

വിവിധ ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർ ഉൾപ്പെടെയുള്ള രോഗികൾക്ക് മെഡിക്കൽ കോളജ് ആശുപത്രിയിലെ രക്ത ബാങ്കിൽനിന്നു മതിയായ അളവിലും സമയ കൃത്യത പാലിച്ചും രക്തം കിട്ടുന്നില്ലന്ന പരാതി വ്യാപകമാകുന്ന ഘട്ടത്തിലാണ് ഇപ്പോൾ കോൾഡ് റൂമിൻറെ പ്രവർത്തനവും നിലച്ചത്.

ഏറ്റവുമധികം ബ്ലഡ് ഡൊണേഷൻ ക്യാമ്പുകൾ നടത്തി സംസ്ഥാനത്തെ മികച്ച ബ്ലഡ് ബാങ്കിന് തുടർച്ചയായി രണ്ടുതവണ അവാർഡ് നേടിയ ആലപ്പുഴ മെഡിക്കൽ കോളജ് ബ്ലഡ് ബാങ്കിനാണ് പുതിയ എച്ച്ഒഡി ചാർജെടുത്തതോടെ ഈ ദുർഗതി സംഭവിച്ചത്. രക്തസാമ്പിളുകൾ സ്വീകരിക്കാൻ പോലും കൗണ്ടറിൽ ജീവനക്കാരില്ലാത്തതിനാൽ രോഗികളുടെ ബന്ധുക്കളും രക്ത ബാങ്കിലെ ജീവനക്കാരും തമ്മിൽ പലപ്പോഴും വാക്കേറ്റവും ഇവിടെ നിത്യ സംഭവമാണ്.

# പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ സ്ത്രീ വോട്ടർമാർ കൂടുതൽ

പത്തനംതിട്ട: ലോക്സഭാ മണ്ഡലത്തിൽ സ്ത്രീ വോട്ടർമാർക്ക് സമ്പൂർണ ആധിപത്യം. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സ്ത്രീ വോട്ടർമാരാണ് കൂടുതൽ. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പുരുഷ വോട്ടർമാരുടെ എണ്ണം കൂടുതലായിരുന്ന പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിലും ഇക്കുറി സ്ത്രീവോട്ടർമാരുടെ എണ്ണം പുരുഷൻമാരെക്കാൾ കൂടുതലായി.

ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളി, തിരുവല്ല, റാന്നി, ആറൻമുള, കോന്നി, അടൂർ മണ്ഡലങ്ങളിൽ സ്ത്രീ വോട്ടർമാരുടെ എണ്ണം നേരത്തേതന്നെ കൂടുതലായിരുന്നു. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ പൂഞ്ഞാറിൽ 89,612 പുരുഷ വോട്ടർമാർ ഉണ്ടായിരുന്നപ്പോൾ 89,123 സ്ത്രീവോട്ടർമാരേ ഉണ്ടായിരുന്നുള്ളൂ. 489 വോട്ടർമാരുടെ വ്യത്യാസം.

ഇത്തവണ 2024 ജനുവരിയിലെ കണക്കനുസരിച്ച് 92,252 പുരുഷ വോട്ടർമാരും 93,980 സ്ത്രീ വോട്ടർമാരുമാണ് 1,728 സ്ത്രീകളാണ് കൂടുതലായുള്ളത്.

മറ്റ് മണ്ഡലങ്ങളിലെ വോട്ടർമാരുടെ നില ചുവടെ (പുരുഷൻസ്ത്രീ

എന്നീ ക്രമത്തിൽ)

കാഞ്ഞിരപ്പള്ളി: 88,861 94578,തിരുവല്ല: 99,217 1,09,855

റാന്നി: 91,381 98,540,ആറൻമുള: 1,10, 752 1,23,135

കോന്നി: 94,075 1,05,786, അടൂർ: 96,530, 1,09,821

കഴിഞ്ഞ 25 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ലഭിച്ച അപേക്ഷയിൽ തുടർനടപടികൾ നാളെ പൂർത്തിയാകും. ഇതിനുശേഷം അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ലോക്സഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ചെലവ് കണക്കാക്കാൻ സംവിധാനം എർപ്പെടുത്തിയിട്ടുള്ളതായി തെരഞ്ഞെടുപ്പ് വരണാധികാരിയായ ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ അറിയിച്ചു. ദുർവ്യയം തടയുന്നത് ലക്ഷ്യമാക്കിയാണ് ഓരോന്നിനും നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. റേറ്റ് ചാർട്ട് അടിസ്ഥാനമാക്കിയാണ് പണം ചെലവഴിക്കേണ്ടത്. സ്വതന്ത്രവും നീതിപൂർവകവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിനാണ് ചെലവ് നിയന്ത്രണം. എല്ലാ സ്ഥാനാർഥികൾക്കും ഇതുവഴി തുല്യ അവസരം ഉറപ്പാക്കുകയാണ് ലക്ഷ്യം. പ്രചാരണ സാമഗ്രികളുടെ നിരക്കുകൾ നാമനിർദേശ പത്രികാ സമർപണ വേളയിൽ ലഭ്യമാക്കുന്നുമുണ്ടെന്നും കളക്ടർ അറിയിച്ചു.